# തീരദേശ സംരക്ഷണം - നമുക്ക് ഒരു നയം വേണം

**വർധിച്ചുകൊണ്ടിരിക്കുന്ന ജനപ്പെരുപ്പവും വ്യവസായകേന്ദ്രങ്ങളുടെ ആധിക്യവും അതിനോടനുബന്ധിച്ചുണ്ടാവുന്ന മലിനീകരണവും കാരണം തീരപ്രദേശത്തിന്റെ സന്തുലിതാവസ്ഥ തകിടം മറിക്കപ്പെടുന്നു. അശാസ്ത്രീയമായ തീരപ്രദേശ സംരക്ഷണഘടനകൾ അവിടത്തെ ജനജീവിതത്തേയും കടപ്പുറത്തിന്റെ സ്ഥിരതയേയും അപകടപ്പെടുത്തുകയാണ്. വളരെ ലോലമായ ഒരു പരിസ്ഥിതി ഘടനയാണ് കായലും നദീമുഖവും കടലും ഉരുമ്മിക്കിടക്കുന്ന തീരപ്രദേശത്തിനുള്ളത്. ഈ പ്രദേശത്തെ ഉലയ്ക്കുന്ന ഒരു പ്രധാനപ്രശ്നമായ കടലാക്രമണത്തേയും സർക്കാർ കൈക്കൊണ്ടിട്ടുള്ള ചില നിവാരണമാർഗങ്ങളേയും കുറിച്ച്**

സി.പി. രാജേന്ദ്രൻ

മൺസൂൺകാലങ്ങളിൽ കാറ്റിന്റെ ശക്തി കൂടുകയും കടൽ പ്രക്ഷുബ്ധമാകുകയും തിരകൾ കരയിലേക്ക് അധികമായി തള്ളിക്കയറുകയും തിരകളും ഒഴുക്കും ചേർന്ന് തീരമണൽ വഹിച്ചുകൊണ്ടുപോകുകയും ചെയ്യുന്നതിനെയാണ് കടലാക്രമണം എന്നതുകൊണ്ട് അർഥമാക്കുന്നത്. തെക്കുപടിഞ്ഞാറൻ മൺസൂൺ ഇന്ത്യയിൽ ആദ്യമെത്തുന്നത് കേരളത്തിലാണ്. അതിനാൽ തന്നെ അതിന്റെ രൂക്ഷത ഏറെ അനുഭവപ്പെടുന്നതും കേരളത്തിന്റെ തീരത്താണ്. അഞ്ഞൂറ്റി അറുപത് കിലോമീറ്റർ നീളമുള്ള കേരളത്തിന്റെ ഏകദേശം മുക്കാൽഭാഗവും കടലാക്രമണത്തിന്റെ ഭീഷണിയിലാണ്. എല്ലാ വർഷവും വർഷകാലങ്ങളിൽ സ്ഥിരമായി ആവർത്തിച്ചുകൊണ്ടിരിക്കുന്ന കടലാക്രമണംമൂലം വളരെയധികം തീരമണൽ നമുക്ക് നഷ്ടമാകുന്നുണ്ട്. കടപ്പുറത്ത് പാർക്കുന്നവരുടെ കുടിലുകളും തെങ്ങുകളും കടൽ എടുത്തുകൊണ്ടുപോകുകയും ചെയ്യുന്നുണ്ട്. പ്രധാനമായും മത്സ്യബന്ധനത്തെയും അങ്ങനെ അവരുടെ ഉപജീവനമാർഗത്തെയും കുറച്ചു ദിവസങ്ങളിലെങ്കിലും കടലാക്രമണം കാര്യമായി ബാധിക്കുന്നുണ്ട്. ഇത് പ്രശ്നത്തിന്റെ സാമൂഹികവശം. എന്നാൽ ശാസ്ത്രീയമായി നോക്കിയാൽ കടലാക്രമണം മൂലം സംഭവിക്കുന്ന പ്രധാനപ്രശ്നം തീരശോഷണവും തീരമണലിന്റെ മൊത്തത്തിലുള്ള ലഭ്യതയിൽ സംഭവിക്കുന്ന ഏറ്റക്കുറച്ചിലുമാണ്. കടൽ തള്ളിക്കയറുന്ന ഇടങ്ങളിൽ മണൽ നഷ്ടമാകുന്നു. ഈ നഷ്ടത്തെ എത്രത്തോളം കുറയ്ക്കാമെന്നതായിരിക്കണം ഏതൊരു കടലാക്രമണ ഉപരോധമാർഗത്തിന്റെയും ലക്ഷ്യം. ഇക്കാര്യത്തിൽ നമുക്ക് അല്പമെങ്കിലും വിജയം അവകാശപ്പെടാനാകുമോ? ഇല്ല എന്നായിരിക്കും ഈ പ്രശ്നത്തെക്കുറിച്ച് പഠിക്കുന്ന ഏതൊരാൾക്കും ബോധ്യപ്പെടുക.

## കടൽഭിത്തി

ഒരു കിലോമീറ്റർ നീളമുള്ള കടൽഭിത്തിക്ക് ഏകദേശം അമ്പതു ലക്ഷം രൂപയാണ് ചെലവാക്കേണ്ടതെന്ന് കാണിക്കുന്ന കണക്ക് കണ്ടിട്ടുള്ളതായോർക്കുന്നു. അല്പ വർഷങ്ങൾക്കുള്ളിൽ തന്നെ തകർന്നുപോകുന്ന ഈ സംവിധാനങ്ങൾ മണ്ണൊലിപ്പ് തടയുന്നില്ലെന്നു മാത്രവുമല്ല വള്ളങ്ങൾ കടലിലേക്കിറക്കുന്നതിനെ തടയുന്ന പ്രതിബന്ധങ്ങളായും മാറിയിരിക്കുന്നു എന്ന വസ്തുത ഈ പ്രദേശങ്ങൾ സന്ദർശിക്കുന്ന ആർക്കും ബോധ്യപ്പെടും. ഫലപ്രദമല്ലാത്ത ഈയൊരു സംവിധാനത്തിനുവേണ്ടി ഇത്രയധികം പണം മുടക്കുന്നത് ന്യായീകരിക്കാൻ പറ്റുമോ? ഇവിടത്തെ ഗവേഷണസ്ഥാപനങ്ങളുടെ വാർഷിക ഗ്രാന്റ് ഒരു കിലോമീറ്റർ കടൽഭിത്തി കെട്ടുന്നതിനുവേണ്ടി മുടക്കുന്നതിനോടുപോലും തുല്യമല്ല എന്നറിയുമ്പോഴാണ് ആ വസ്തുത കൂടുതൽ കൗതുകകരമാകുന്നത്. നെതർലാൻറിൽ നിന്നാണ് കടൽഭിത്തി എന്ന ആശയം നാം കടം വാങ്ങിയത്. കടൽ നിരപ്പിനു താഴെ സ്ഥിതി ചെയുന്ന ആ രാജ്യത്ത് അത് പ്രായോഗികവുമായിരിക്കാം. എന്നാൽ നമ്മുടെ നാട്ടിൽ അതല്ലല്ലോ സ്ഥിതി.

## ഒലിമുട്ട്

കടൽഭിത്തി കെട്ടുന്നതിനേക്കാൾ ശാസ്ത്രീയമാണ് ഒലിമുട്ടുകൾ (Groines) നിർമിക്കുന്നത്. ബീച്ചിന്റെ രൂപീകരണത്തിന് ഈ സ്ട്രക്ച്ചറുകൾ ചില സ്ഥലങ്ങളിൽ ഫലപ്രദമാണെന്നുകണ്ടിട്ടുണ്ട്. അഞ്ചുതെങ്ങ് ബീച്ചിൽ കാണുന്ന ഒലിമുട്ടുകൾ 1890ൽ നിർമിക്കപ്പെട്ടവയാണ്. വലിയ കേടൊന്നും കൂടാതെ അവ നിലനില്ക്കുന്നുമുണ്ട്. പക്ഷേ, ഈ സംവിധാനങ്ങൾ എല്ലായിടത്തും ഫലപ്രദവുമല്ല. അതാതു തീരപ്രദേശത്തിന്റെ കിടപ്പ്, മണ്ണിന്റെ ലഭ്യത, പ്രവാഹങ്ങളുടെയും തിരകളുടെയും സ്വഭാവം തുടങ്ങിയവയൊക്കെ പഠിച്ചതിനുശേഷം മാത്രമാകണം ഓരോ സ്ഥലത്തിനും പറ്റിയ സ്ട്രക്ച്ചറുകൾ എന്തൊക്കെയാണെന്നു തീരുമാനിക്കേണ്ടത്. എന്തായാലും ചില പ്രമാണിമാരുടെ അഭിപ്രായത്തിന്റെമാത്രം ശക്തിയനുസരിച്ച് കടലിൽ കല്ലിടാൻ ഒരു ഇടനിലക്കാരന് തീരത്തെയാകെ വിട്ടുകൊടുക്കുന്നത് അവസാനിപ്പിക്കേണ്ടതു തന്നെയാണ്. വർഷങ്ങൾക്കുമുമ്പ് കാര്യക്കോട്ടിനടുത്ത് മാടായിയിൽ ജനങ്ങൾ ഒത്തുചേർന്ന് കടൽഭിത്തി കെട്ടുന്നതിനെ തടഞ്ഞത് ഈ ലേഖകനറിവുള്ളതാണ്.

നദികൾ വഹിച്ചുകൊണ്ടുവരുന്ന അവസാദത്തിൽനിന്നാണ് കടലിന് തീരരൂപീകരണത്തിനുള്ള മണൽ മുഖ്യമായും ലഭിക്കുന്നത്. തിരകളും ഒഴുക്കുകളും ഇത് പലയിടത്തായി വിതരണം ചെയ്യുന്നു. മലകളിൽ വനം നശിച്ചതിനെത്തുടർന്ന് മണ്ണൊലിപ്പുകൂടിയിട്ടുണ്ടെങ്കിലും ഇതെല്ലാം നദികളുടെ കുറുകെ കെട്ടിയിട്ടുള്ള അണക്കെട്ടുകളിൽ കുമിഞ്ഞുകൂടുകയാണ്. അണക്കെട്ടുകൾ നിർമിക്കുന്നതിലും അത് സംരക്ഷിക്കുന്നതിലും നമുക്കു പറ്റിയ പിഴവുകൾ തീരദേശത്ത് മണലിന്റെ ലഭ്യതയേയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. കഴിഞ്ഞ നൂറുവർഷങ്ങളിൽ കേരളത്തിലെ പുഴകൾക്കും നദികൾക്കും സംഭവിച്ച മാറ്റങ്ങളും അവയുടെ അവസാദപരിവഹനശക്തിയിൽ വന്നിട്ടുള്ള ഏറ്റക്കുറച്ചിലുകളും (അണക്കെട്ടുകൾക്കുമുമ്പും ശേഷവും) നമുക്ക് ഇന്നും അറിയില്ല. ഇത് പഠിക്കേണ്ടത് ഒരു ആവശ്യമാണെന്നുതോന്നുന്നു.

ഇതിനൊക്കെ പുറമെ പുഴകളിൽനിന്ന് വിവേചനരഹിതമായി മണൽ വാരുന്നത് മറ്റൊരു വിനയാണ്. ഇതിനെക്കുറിച്ച് വളരെ വിശദമായ ഒരു വിശകലനം മാതൃഭൂമിയിൽതന്നെ വന്നിട്ടുണ്ട്. തീരപ്രദേശത്തിന്റെ സ്ഥിരതയ്ക്കു വേണ്ട മണൽ ഇടയ്ക്കുവെച്ച് ചോരണംചെയ്യപ്പെട്ടു പോകുകയാണ്. ഇത്തരം കാര്യങ്ങളിൽ നമുക്ക് എന്തുചെയ്യാൻ കഴിയുമെന്ന് ആലോചിക്കേണ്ടതാണ്. അണക്കെട്ടുകളിൽ അടിഞ്ഞുകൂടുന്ന ചെളിയും മണലും കോരിമാറ്റി അത് നദികൾക്ക് 'ഫീഡു' ചെയ്യുവാൻ നമുക്കിപ്പോൾ സ്ഥിരമായി ഒരു ഏർപ്പാടുമില്ല. വിവേചനരഹിതമായി പുഴകളിൽനിന്ന് പൂഴിവാരുന്നത് തടയാനുള്ള നിയമം പ്രായോഗികമാക്കുവാനും പ്രയോഗിക്കുവാനും നമുക്ക് സാധിക്കുമോ? കായലുകളും തുറമുഖങ്ങളും 'ഡ്രെഡ്ജ്' ചെയ്തുകിട്ടുന്ന ചെളിയും മണ്ണും നാം ശരിയായി വിനിയോഗിക്കുന്നുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്. ഇങ്ങനെയെടുക്കുന്ന മണ്ണ് പുറംകടലിൽ കൊണ്ടുപോയി കളയുന്നതും ഭീമമായൊരു നഷ്ടമാണ്.

## പഠനം വേണം

പറഞ്ഞുവരുന്നത് കടലാക്രമണംമൂലം നഷ്ടമാകുന്ന മണൽ മറ്റൊരുവഴിയിലൂടെ തീരക്കടലിലേക്കുതന്നെ 'ഫീഡ്' Artificial nourishment) ചെയ്യുന്ന രീതിയാണ് കേരളത്തിൽ വികസിപ്പിക്കേണ്ടതെന്നാണ്. വികസിതരാജ്യങ്ങളിൽ പരീക്ഷിച്ചുനോക്കി വിജയിച്ച ഒരു ഏർപ്പാടാണിതെന്നുകൂടി പറയേണ്ടതുണ്ട്. തീരശോഷണത്തെ പിടിച്ചുനിർത്താനുള്ള ശാസ്ത്രീയമായ ഒരു പ്രധാന മാർഗം ഇതാണ്. കടലിനെതിരെ ഉപരോധം ഉണ്ടാക്കുക എന്നതിനേക്കാൾ തീരശോഷണത്തെ തടയുക എന്നതിനായിരിക്കണം നാം മുൻഗണന കൊടുക്കേണ്ടത്.

ഒരു 'സ്റ്റോക്ക് ടേക്കിങ്' എന്ന മട്ടിൽ, ചെയ്തുവെച്ചിരിക്കുന്ന കടലാക്രമണ ഉപരോധ സംവിധാനങ്ങളെക്കുറിച്ച് പ്രത്യേക പരിജ്ഞാനമുള്ളവരെക്കൊണ്ട് പരിശോധിപ്പിക്കുകയും നമ്മുടെ തീരക്കടലിലെ പ്രവർത്തനങ്ങളെപ്പറ്റിയും (Processes) മണ്ണൊലിപ്പ് രൂക്ഷമായ സ്ഥലങ്ങളെക്കുറിച്ചുമുള്ള പഠനവും നടത്തിക്കേണ്ടതാണ്. ഈ പ്രദേശത്ത് താമസിക്കുന്നവരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും കണക്കിലെടുത്തുകൊണ്ട് മുകളിൽ സൂചിപ്പിച്ച പഠനങ്ങളുടെ വെളിച്ചത്തിൽ ഇക്കാര്യത്തിൽ ഗവൺമെൻറിന് വ്യക്തമായൊരു നയം ആവിഷ്കരിക്കാവുന്നതാണ്. ഇപ്പോൾ ഈ രംഗങ്ങളിൽ പ്രവർത്തിച്ചു പരിചയമുള്ള ചില സ്ഥാപനങ്ങളെ ചേർത്തുകൊണ്ട് ഒരു 'ടാസ്ക്ഫോഴ്സ്' ഉണ്ടാക്കുവാനും അവരോട് ഇക്കാര്യത്തിൽ ഗവൺമെൻറിനെ സഹായിക്കാനും ആവശ്യപ്പെടാവുന്നതാണ്. ക്രമേണ ഒരു തീരദേശ വികസന അഥോറിറ്റി രൂപീകരിക്കാനും അതിന് വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാനും കഴിയേണ്ടതാണ്.

Thampanoor, Trivandrum. Phone: 79331

# L PROUDLY EXPLICITS ITS UNRIVALLED

**FIRST RANK 1988**



SHARMILA MARY JOSEPH
Reg. No. 66293

**SECOND RANK 1988**



MARIAM JOSEPH
Reg. No. 66014

**THIRD RANK 1988**



GIRIJA GOMATHY
Reg. No. 66006

(Practicals Only Students)

**HIGH LIGHTS OF RESUL**

## I CLASS 5

## II CLASS 1

## III CLASS

**Practicals only batches for PDC, B.Sc-Phy | Chem | Biol | Zool | Bio-Chem,**

**College Going Classes :** I & II PDC-Ist, IInd, IIIrd & IVth Groups-fresh batches, Admissio
PDC - Subjects only batches on Saturday & Sunday alone.
B.Sc - Maths | Phy | Chem | Bot | Zool | Bio-Chem (Regular, Saturda
batches)

**Parallel Classes :** I & II PDC IIIrd & IVth Groups & B.Com

**MBBS | ENGG - Entrance Exam - 1989-1990 (Saturday & Sunday)**

# ദിനോസറുകളുടെ തിരോധാനം

**സി. പി. രാജേന്ദ്രൻ**
(സെൻറർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്)

ആറുകോടി വർഷംമുമ്പു ഭൂമുഖം അടക്കിവാണിരുന്ന ഭീമാകാരങ്ങളായ ദിനോസറുകളുടെ പെട്ടെന്നുള്ള തിരോധാനം ശാസ്ത്രാന്വേഷികളെ എക്കാലവും അമ്പരിപ്പിച്ചുപോന്നിട്ടുണ്ട്. ഈ ജീവികൾ ഉണ്ടായിരുന്നതിനുള്ള തെളിവ് അവയുടെ ഫോസലീകരിക്കപ്പെട്ട അവശിഷ്ടങ്ങൾതന്നെയാണ്. ഈ കൂറ്റൻ ജീവികളുടെ വംശനാശം സംഭവിച്ചതെങ്ങനെയെന്ന സമസ്യയ്ക്ക് അടുത്തകാലത്തു ചില ഉത്തരങ്ങൾ ലഭിച്ചുതുടങ്ങിയിട്ടുണ്ട്.

ക്രെറ്റേഷ്യസ് കൽപ്പത്തിൻെറ അവസാനപാദത്തിലാണു ദിനോസറുകൻ അപ്രത്യക്ഷമായത്. ഇതേകാലത്തു നിക്ഷേപിക്കപ്പെട്ട അവശിഷ്ടങ്ങളിൽ ചില പ്രത്യേകതകൾ കണ്ടെത്തി. വർദ്ധിച്ച തോതിലുള്ള ഇറിഡിയം ധാതു അവശിഷ്ടങ്ങളിലുണ്ട്. ഇതിനുള്ള കാരണം തേടി അവസാനം ഗവേഷകർ എത്തിച്ചേർന്നതു വിദൂരമായൊരു ഭൂതകാലത്തു സംഭവിച്ച അത്യന്തം സ്ഫോടനാത്മകമായൊരു കൂട്ടിയിടിക്കലിലാണ്.

കരയിലും കടലിലും മരണവും നാശവും വിതയ്ക്കപ്പെട്ട ഈ സംഭവത്തിലെ പ്രതിയോഗികൾ ഭൂമിയും ഒരു ഭൗമേതര വസ്തുവും ആണ്. ക്രെറ്റേഷ്യസ് കൽപ്പത്തിൻെറ അവസാനത്തോടെയാണ് ഈ സംഭവം. പ്രപഞ്ചത്തിലെ ട്രാഫിക് നിയമനങ്ങൾ എങ്ങനെയാണു ലംഘിക്കപ്പെട്ടത്?

ഭൗമേതര വസ്തു ധൂമകേതുവാകാം, ഉൽക്കകൾ ആകാം, അങ്ങനെ എന്തുമാകാം. എന്താണെന്നറിയാൻ കഴിയാത്തസ്ഥിതിക്കു ഗവേഷകർ ഇതിനു 'ബൊളൈഡ്' എന്ന പേരു കൊടുത്തു. ഈ ആഘാതത്തിൻെറ പ്രത്യാഘാതങ്ങൾ ഭൂമിയിലെ അന്നത്തെ സസ്യങ്ങളെയും ജീവികളെയും പല രീതിയിലാവണം ബാധിച്ചത്. എന്നാൽ ഏറ്റവും കൂടുതൽ ബാധിച്ചതു ദിനോസറുകളെയായിരുന്നു.

ശക്തിയുള്ള ഒരണുബോംബു പൊട്ടിത്തെറിച്ചാൽ സംഭവിച്ചേക്കാവുന്നതെല്ലാം അന്നു സംഭവിച്ചു. ആഘാതത്തെത്തുടർന്ന് അന്തരീക്ഷത്തിൽ ധൂളികൾ നിറഞ്ഞുനിന്നു. ഇതു സൂര്യവെളിച്ചത്തെ വളരെക്കാലത്തേക്കു തടഞ്ഞുനിർത്തി. സൂര്യവെളിച്ചം തടയപ്പെട്ടപ്പോൾ സസ്യങ്ങളുടെ പ്രകാശവിശ്ലേഷണ ശക്തി നിലച്ചു. സമുദ്രങ്ങളിലെ ജീവികളെയും അതു ബാധിച്ചു. പിന്നീടു കരയിലെ ദിനോസറുകളെയും. ഭൂമിയിൽ അന്നുണ്ടായിരുന്ന പരിസ്ഥിതി മാറ്റിമറിച്ച സംഭവത്തിനു കാരണമായ 'ബൊളൈഡ്' മൈലുകളോളം വ്യാസമുള്ള ഒരു ക്ഷുദ്രഗ്രഹമായിരിക്കണം എന്നു ശാസ്ത്രകാരന്മാർ കരുതുന്നു.

ദിനോസറുകളുടെ വംശം അറ്റുപോയപോലെ കൂട്ടത്തോടെയുള്ള വംശനാശം ക്രെറ്റേഷ്യസ് കൽപ്പത്തിനു മുമ്പും പലപ്പോഴായി നടന്നിട്ടുണ്ടെന്നു ചില ഗവേഷകർ അവകാശപ്പെടുന്നു. 26 മുതൽ 31 ദശലക്ഷം വർഷംകൂടുമ്പോൾ ഇതു സംഭവിക്കുന്നുണ്ടത്രേ. 26 ദശലക്ഷം വർഷം കഴിയുമ്പോൾ കടൽജീവികളുടെ വംശനാശം സംഭവിക്കുന്നുവെന്നു ഷിക്കാഗോ യൂണിവേഴ്സിറ്റിയിലെ പുരാജീവി ഗവേഷകരായ ഡേവിഡ് റാപ്പും ജോൺ സെപ്കോസ്കിയും രേഖപ്പെടുത്തിയിട്ടുണ്ട്. നാശത്തെ സൂചിപ്പിക്കുന്ന 'നെമിസിസ്' എന്നൊരു നക്ഷത്രത്തിൻെറ സഞ്ചാരപഥവുമായി ഈ വംശനാശസംഭവങ്ങളെ ബന്ധപ്പെടുത്തിയിട്ടുണ്ട്. ഒരു ചാക്രിക സ്വഭാവത്തോടെ ഈ നക്ഷത്രം പലപ്പോഴും നമ്മുടെ സൗരയൂഥത്തിൻെറ അടുത്തെത്തുകയും വിനാശകരമായ 'ഉൽക്കാവർഷ'ത്തിനു കാരണമാകുകയും ചെയ്യുന്നുണ്ടത്രേ. ദിനോസറുകളുടെ നാശവുമായി ബന്ധപ്പെട്ടുനിൽക്കുന്ന അനവധി അഭ്യൂഹങ്ങളിൽ ഒന്നാണിത്. ഏറെയും സാങ്കല്പികമാണ് ഇതെന്നു പലരും കരുതുന്നുണ്ടെങ്കിലും സത്യത്തിൻെറ അംശങ്ങൾ ഇതിൽ നമുക്കു കാണാൻകഴിയും.

'നെമിസിസ്' എന്ന പേരാൽ അറിയപ്പെടുന്ന 'മൃത്യു നക്ഷത്രം' ചിലരുടെ സാങ്കല്പിക സൃഷ്ടിയാണെന്ന് ആരോപിക്കുന്നവരുടെ കൂട്ടത്തിൽ പ്രമുഖർ ഇന്ത്യയിലെ ഗവേഷകരാണ്. ഹൈദരാബാദിലെ നാഷനൽ ജിയോഫിസിക്സ് ഗവേഷണകേന്ദ്രത്തിലെ ഡോ. നെഗിയാണു നെമിസിസ് നിഷേധവാദത്തിൻെറ പ്രധാന വക്താവ്.

എല്ലാ 33 ദശലക്ഷം വർഷംകൂടുന്തോറും ഭൂമിയിൽ നടക്കുന്ന അതിഭയങ്കരമായ അഗ്നിപർവത പ്രവർത്തനങ്ങൾ കാരണമാണു സമൂല വംശനാശം സംഭവിക്കുന്നതെന്നാണ് ഇദ്ദേഹം ഉൾപ്പെടുന്ന ശാസ്ത്രകാരസംഘം അവകാശപ്പെടുന്നത്. ഭൂമിയുടെ ചരിത്രത്തിൽ പലപ്പോഴായി നടന്നിട്ടുള്ള അഗ്നിപർവതപ്രവർത്തനങ്ങളുടെ വസ്തുതാശേഖരത്തിൽനിന്നു മനസ്സിലാക്കിയതാണീ വിവരം.

അഗ്നിപർവതങ്ങളുടെ മൂർദ്ധന്യശദയും സൗരയൂഥത്തിൻെറ സഞ്ചാരമാർഗത്തിലുണ്ടാകുന്ന ക്രമക്കേടുകളുമായി ബന്ധമുള്ളതായി അവർ മനസ്സിലാക്കുന്നു. സൗരയൂഥം സഞ്ചരിക്കുന്ന ഒരു സ്ഥിരം തലത്തിൽനിന്നു മറ്റൊരു തലത്തിലേക്കു മാറുന്നതും മുമ്പു പറഞ്ഞ 33 ദശലക്ഷം വർഷത്തിൻെറ ഇടവേളകളിലാണ്. ഇന്ത്യയിൽത്തന്നെ, അവസാനമായി നടന്ന, രണ്ട് അഗ്നിപർവത സ്ഫോടനങ്ങളിൽ ഒന്ന്, 65 ദശലക്ഷം വർഷങ്ങൾക്കുമുമ്പും മറ്റേതു 34 ദശലക്ഷം വർഷങ്ങൾക്കുമുമ്പും നടന്നത് ആകസ്മികസംഭവങ്ങളല്ല.

ഇവരുടെ മറ്റൊരു വാദം, വംശനാശം സാവധാനത്തിൽ നടന്നതായിരുന്നുവെന്നും പെട്ടെന്നു സംഭവിച്ചതല്ലെന്നുമാണ്. ക്ഷുദ്രഗ്രഹത്തിൻെറ ആഘാതവും അതിനെത്തുടർന്നു പെട്ടെന്നുണ്ടായ വംശനാശവുമെന്ന നോബൽ സമ്മാനിതനായ ലൂയി ആൽവറേസിൻെറ അഭിപ്രായത്തിനു കടകവിരുദ്ധമാണിത്.

രണ്ടുകൂട്ടരും ഒന്നിക്കുന്ന ചില കാര്യങ്ങളുണ്ട്. 33 ദശലക്ഷം വർഷം കൂടുമ്പോൾ ക്ഷുദ്രഗ്രഹങ്ങളുടെയും ഉൽക്കകളുടെയും ഭൂമിയിലേക്കുള്ള പതനം ക്രമാതീതമായി വർദ്ധിക്കുന്നുണ്ടെന്നത് ഇവരെല്ലാം സമ്മതിക്കുന്നകാര്യമാണ്. ഈ ശരവർഷം ഭൂമിയുടെ ഘനത്വത്തിൽ വ്യത്യാസമുണ്ടാകുകയും ഭൂമിയുടെ കാമ്പിലുള്ള മിശ്രിതങ്ങളെ വിജ്യംഭിതമാക്കുകയും ചെയ്യുന്നു. ഈ മാറ്റമാണു 33 ദശലക്ഷംവർഷം കഴിയുമ്പോൾ ചില ഭൗമശിലകളിൽ സംഭവിക്കുന്ന കാന്തകേന്ദ്രങ്ങളുടെ സ്ഥാനചലനത്തിന് ഇടയാക്കുന്നത്. 'ഉത്തരധ്രുവം', 'ദക്ഷിണധ്രുവവും' 'ദക്ഷിണധ്രുവം' 'ഉത്തരധ്രുവവും' ആകുന്ന പ്രതിഭാസമാണിത്.

ഈ കാലഘട്ടത്തിൽ സംഭവിക്കുന്ന ഭൗമേതര വസ്തുക്കളുടെ ശരവർഷത്തിൽനിന്ന് ഉദ്ഭവിക്കുന്ന ഇറിഡിയം ധാതു ഭൂമിയിലെ അവശിഷ്ടങ്ങളിൽ വിതരണം ചെയ്യപ്പെടുന്നു. അതിനാലായിരിക്കണം ഈ കാലത്തു നിക്ഷേപിക്കപ്പെട്ട അവശിഷ്ടങ്ങളിൽ ഇറിഡയത്തിൻെറ തോതു വളരെയധികം കൂടിയിരിക്കുന്നത്.

വംശനാശത്തിനും ഭൂമിയിൽ സംഭവിക്കുന്ന വിസ്ഫോടനങ്ങൾക്കും സൗരയൂഥത്തിൻെറ സഞ്ചാരമാർഗത്തിൽ സംഭവിക്കുന്ന വികമ്പനങ്ങൾക്കും തമ്മിൽ ബന്ധമുണ്ടെന്നും അവയ്ക്കെല്ലാംതന്നെ ചാക്രിക സ്വഭാവമാണുള്ളതെന്നുമാണു പൊതുവായ ധാരണ.

ഒരിക്കലും ശാന്തമല്ലാത്ത ഒരു ഭൂതകാലമാണു ഭൂമിയുടേത്. ഈ അശാന്തിതന്നെയാണു ഭൂമിയെ ജീവിക്കുന്ന ഗ്രഹമാക്കി മാറ്റുന്നത്. ഈ വസ്തുതകൾ എന്താണു നമ്മേ പഠിപ്പിക്കുന്നത്? 33 ദശലക്ഷം വർഷങ്ങൾ കഴിയുമ്പോൾ ഉണ്ടാകുമെന്നു പറയുന്ന സ്ഫോടനവേള ഒരു സത്യമാണെങ്കിൽ അടുത്ത വിസ്ഫോടനം നടക്കാൻ ഇനി ഏതാണ്ട് ഒരു ദശലക്ഷം വർഷങ്ങൾ കഴിഞ്ഞാൽമതി. അപ്പോൾ സംഭവിക്കാനിടയുള്ള വംശനാശം ഒഴിവാക്കാൻ മനുഷ്യനു ശാസ്ത്രത്തിൻെറ സഹായത്തോടെ സാധിക്കുമെന്നാണോ കരുതേണ്ടത്? അതോ അതിനുമുമ്പുതന്നെ മനുഷ്യൻ അവൻെറ കുഴിതോണ്ടിയിരിക്കുമോ?



## ...രങ്ങ്;
## ...ക്കോഫ്

...ാൽ ബഹദൂർ സ്റ്റേഡിയം ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ സ്റ്റേഡിയ...ൽ അവകാശപ്പെടുന്നു. ഏറ്റവും ആധുനിക ഫ്ളഡ്ലിറ്റ് സ്റ്റേഡിയമാണിത്.

...ഗാലറിയിൽ ഒരു പടി ഒഴിവാക്കിയുള്ള കണക്കാണിത്. പവിലിയൻ പൂർത്തി

...്റ്റേഡിയത്തിനു 23,500 ചതുരശ്ര മീറ്റർ വിസ്തീർണമുണ്ട്.
...യുള്ളത്. 55.6 മീറ്റർ വീതം ഉയരമുള്ള നാലു ടവറുകളിൽ 48 വീതം മെറ്റൽ ഹാ...വാട്ടിന്റെ ആറു ഹാലൊജൻ ലാംപുകളുമുണ്ട്.

ചിത്രം: ബി. ജയചന്ദ്രൻ.



പക്ഷിയുടെ കൊക്കുകൾ ഒട്ടനവധിയുണ്ട് വാസുദേവൻനായരുടെ ശേഖരത്തിൽ. ചിത്രം: എ... കെ. വർഗീസ്

കന്യാകുമാരിയിലെ കേപ് ഹോട്ടലിനടുത്തുള്ള കന്യാസ്ത്രീമഠത്തിന്റെ ചരൽപാകിയ മുറ്റത്തു തണുത്ത പ്രഭാതം ഉറങ്ങുകിടന്നു. അടഞ്ഞ വാതിലുകൾക്കപ്പുറത്തു നേർത്തുവന്ന ഏതോ പ്രാർഥനാഗീതം അവശേഷിപ്പിച്ച സാന്ദ്രമായ നിശ്ശബ്ദതയ്ക്കുമേൽ അതിക്രമിച്ചുകടന്ന ഒരു പക്ഷിയുടെ വേവലാതിപൂണ്ട കരച്ചിൽ.

പൂട്ടിയിട്ട ഗേറ്റ് ചാടിക്കടന്ന ആരുടെയോ ധൃതിയിലുള്ള കാൽവയ്പ് ചരലുകളിൽ അമർന്നപ്പോൾ ഉയർന്ന പരുക്കൻ ശബ്ദത്തിലേക്കു മഠത്തിന്റെ കനത്ത കതകുകൾ തുറന്നു.

തുറന്ന വാതിൽക്കൽ ഒരമ്പരപ്പുപോലെ മഠത്തിലെ മദർ.

മുറ്റത്തു മുറിക്കൈയ്യൻ ഷർട്ടും ഹാഫ്ട്രൗസറും ധരിച്ച മധ്യവയസ്കൻ. പ്രായത്തിനു കീഴടങ്ങാൻ മടിക്കുന്ന യുവത്വം തിളങ്ങുന്ന മുഖം. കൈയിൽ ക്യാമറയും ബൈനോക്കുലറും ഡയറിയും.

വരാന്തയിൽ ഇറങ്ങിവന്ന തന്റെ സാന്നിധ്യം അൽപംപോലും പരിഗണിക്കാതെ കോമ്പൗണ്ടിന്റെ മൂലയിൽ പന്തലിച്ചുനിന്ന മരം ലക്ഷ്യമാക്കി നീങ്ങിയ അപരിചിതൻ മദറിന്റെ മനസിൽ ആശങ്കകളുടെ ഇരുൾപരത്തി.

''താങ്കൾ എന്താണീ കാണിക്കുന്നത്? ഇതൊരു മഠമാണെന്നറിഞ്ഞുകൂടെ,'' മദർ കോപിച്ചു.

ചോദ്യം കേട്ടു ഞെട്ടിത്തിരിഞ്ഞ അപരിചിതന്റെ മുഖത്തു നിസ്സഹായതയും ജാള്യതയും ചേക്കേറി. തൊണ്ടയിൽ കുരുങ്ങിപ്പോയ ക്ഷമാപണവാക്കുകൾ മുഖത്തു ചുവപ്പുരാശിപടർത്തി.

''അതായിരുന്നു ഞാൻ; പക്ഷികളുടെ പിന്നാലെ പോയി സ്ഥലകാലബോധം നഷ്ടപ്പെടുന്നവൻ,'' വർഷങ്ങൾക്കിപ്പുറം മറ്റൊരു പുലർവേളയിൽ കോട്ടയത്തെ കുമാരിസദനിലിരുന്നു പൊൻകുന്നം വാസുദേവൻനായർ ഓർമയുടെ കൂടു തുറന്നു.

''ഞാനൊരു പക്ഷിനിരീക്ഷകൻ തന്നെയെന്ന് ഏറെ പണിപ്പെട്ടു മദറിനെ ബോധ്യപ്പെടുത്തി. അബദ്ധം പറ്റിയതാണെന്നു മനസിലായപ്പോൾ പ്രാതലും തന്നാണ് അവരെന്നെ യാത്രയാക്കിയത്.''

പക്ഷികളോടുള്ള സ്നേഹം വാസുദേവൻനായർക്ക് ആഡംബരമോ വെറുമൊരു

### പി. ജെ. ജോർജ്

നേരമ്പോക്കോ ആയിരുന്നില്ല. പറവകളുടെ ചിറകടിയൊച്ച സ്വന്തം ജീവിതത്തിന്റെ സ്പന്ദനങ്ങൾ തന്നെയായിരുന്നു അദ്ദേഹത്തിന്.

ഇതിന്റെ തെളിവു കുമാരിസദനത്തിലെ പഠനമുറിയിൽ പ്രകാശനസൗഭാഗ്യം കൊതിച്ചു കഴിയുന്നു: *ദി ഏവി ഫോണാ ഓഫ് കേരള*. ടൈപ്പ്ചെയ്ത ആയിരത്തോളം പുറങ്ങളിൽ 55 വർഷം നീണ്ട തന്റെ നിരീക്ഷണപഠനങ്ങളുടെ കെട്ടു തുറക്കുകയാണു വാസുദേവൻനായർ. കേരളത്തിലെ പക്ഷികളെക്കുറിച്ചുള്ള വിപുലമായ ഒരു ശാസ്ത്രീയ നിബന്ധം.

കേരളത്തിലെ പക്ഷികളെക്കുറിച്ച് എടുത്തുപറയാവുന്ന പുസ്തകങ്ങൾ രണ്ടുപേ

(ശേഷം രണ്ടാംപേജിൽ)


## ...മ്പോൾ, ഒരു സാധാരണ കസ്റ്റമർ ...ദ്ധിക്കും.
## ...6 കാര്യങ്ങൾ കൂടി ശ്രദ്ധിക്കും.



സൂട്ട്കേസ് വാങ്ങുമ്പോൾ, സാധാരണ ഒരാൾ നോക്കാറുള്ളത് നിറം, ആകൃതി, വലിപ്പം, വില എന്നിവയാണ്.

വേറെയും അനേകം കാര്യങ്ങൾ നോക്കേണ്ടിയിരുന്നുവെന്ന്, വാങ്ങിച്ച കഴിഞ്ഞേ മനസ്സിലാവൂ.

സഫാരി ആണ് വാങ്ങുന്നതെങ്കിൽ, ആ പ്രശ്നമില്ല.

കാരണം, സഫാരി കസ്റ്റമറുടെ കൈയിലെത്തുന്നതിനു മുമ്പുതന്നെ, 90 വിവിധ കാര്യങ്ങൾ തിരിച്ചും മറിച്ചും പരിശോധിച്ച കഴിഞ്ഞിരിക്കും.

എന്നാൽ, പരിശോധിച്ച എന്നതു കൊണ്ടു മാത്രം, ഗുണമേന്മ ഉറപ്പായി എന്നർത്ഥമില്ല. സൂട്ട്കേസ് ഈടു നിൽക്കണം, വേണ്ടത്ര സജ്ജീകരണങ്ങൾ ഉണ്ടായിരിക്കണം—അതും പ്രധാനമാണ്.

പൂട്ട് തന്നെ പരിശോധിക്കാം. സഫാരിയുടെ



നടുഭാഗത്ത് 6 ലിവർ വാംട്ട് ലോക്ക് ആണ് ഉള്ളത്. മററു സൂട്ട്കേസുകളിലെ 4 ലിവർ അല്ലെങ്കിൽ 5 ലിവർ ഉള്ള സാധാരണ ലോക്കിന്റെ പത്തിരട്ടി ഈടുറപ്പുണ്ടിതിന്.

മാർച്ച് 88



നമ്മുടെ ഭൂമി-3

# അഗ്നി പർവതങ്ങൾ

സി. പി. രാജേന്ദ്രൻ

അഗ്നിപർവതങ്ങളെക്കുറിച്ചു പഠിക്കുന്ന ശാസ്ത്രശാഖയെ 'വൾക്കനോളജി' എന്നാണ് പറയുക. അഗ്നിപർവതപഠനം പലതരത്തിലുള്ള അപകടങ്ങളെ ക്ഷണിച്ചു വരുത്തുന്നതാണ്. പൊട്ടിത്തെറിയ്ക്കുന്ന അഗ്നിപർവതങ്ങളുടെ മുകളിലേക്കു കയറിച്ചെന്നു നിരീക്ഷിക്കുന്നതു് ആപൽക്കരമാണല്ലൊ. സാഹസികരായ ചില അഗ്നിപർവത വിജ്ഞാനികൾ പുക വമിയ്ക്കുന്ന അഗ്നിപർവതങ്ങളുടെ വായിലൂടെ എത്തിനോക്കുകയും ചിത്രങ്ങളെടുക്കുകയും അകത്തു നടക്കുന്ന പ്രവർത്തനങ്ങളെ നിരീക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

ലോകത്തിന്റെ ചിലയിടങ്ങളിലാണ് അഗ്നിപർവതങ്ങളുടെ സാന്ദ്രത കൂടുതലായി കണ്ടിട്ടുള്ളതു്. അവയുടെ വിതരണത്തിൽ കാണപ്പെടുന്ന ചില മാതൃകകൾക്ക് ഭൂവിജ്ഞാനപരമായി ചില പ്രാധാന്യങ്ങളുമുണ്ട്. അഗ്നിപർവതങ്ങൾ കാണപ്പെടുന്ന പ്രധാനപ്പെട്ട പ്രദേശം പസിഫിക് സമുദ്രത്തിന്റെ അതിരുകളാണ്. ഈ പ്രദേശത്തെ 'പസിഫിക് അഗ്നി വലയ'മെന്നു വിളിക്കുന്നു. അഗ്നി പർവതങ്ങൾ കൂട്ടത്തോടെ കാണപ്പെടുന്ന മറ്റൊരു പ്രദേശമാണ് സമുദ്രങ്ങളുടെ

ഇററലിയിലെ ഒരു പുരാതന നഗരമായിരുന്നു പോംപെ. ഇന്ന് ആ നഗരം ഇല്ല. ക്രിസ്താബ്ദ. 79 ൽ വെസൂവിയസ് എന്ന അഗ്നിപർവതം പൊട്ടിത്തെറിച്ചപ്പോൾ റോമാനഗരമായ പോംപെ ഉരുകിത്തിളച്ച ലാവാപ്രവാഹത്തിലും എടുത്തെറിയപ്പെട്ട അഗ്നിപർവതീയകഷണങ്ങൾ കൊണ്ടും മൂടപ്പെട്ടു. അപ്രതീക്ഷിതമായി പൊട്ടിത്തെറിച്ചതുകൊണ്ടു് ആളുകൾക്കു് രക്ഷാസങ്കേതങ്ങളിലേക്ക് ഓടിപ്പോകാൻപോലും സാധിച്ചില്ല എന്നുവേണം അനുമാനിക്കാൻ. കാരണം ആ പ്രദേശത്തുപോയാൽ നെയ്യുകൊണ്ടിരിക്കുകയും വെള്ളം കോരുകയും മററും ചെയ്തുകൊണ്ടിരിക്കവെ കൊല്ലപ്പെട്ടവരുടെ രൂപങ്ങൾ ഇപ്പോഴും കാണാമത്രെ. അതുപോലെത്തന്നെ, സമുദ്രത്തിൽ സ്ഥിതിചെയ്തിരുന്ന ക്രാക്കത്തുവ പ്രകടമായ പ്രവർത്തനങ്ങൾ ഒന്നും കാണിക്കാതെ ഇരിക്കുകയായിരുന്നു 200 വഷത്തോളം ആ അനക്കമില്ലാത്ത അവസ്ഥ തുടന്നു. പൊടുന്നനെ അതു പൊട്ടിത്തെറിച്ചപ്പോൾ 5000 കി. മി. അകലെയുള്ള ആസ്ട്രേലിയയിൽ അതിന്റെ ശബ്ദം കേട്ടവത്രെ. 36 മീററർ ഉയരത്തിൽ തിരമാലകൾ ഉയരുകയും ജാവദ്വീപിലെ 36,000 ആളുകൾ കൊല്ലപ്പെടുകയും ചെയ്തു.

അഗ്നിപർവതങ്ങൾ ഒരു കാലത്തു് കത്തിക്കൊണ്ടിരുന്ന പർവതങ്ങളാണെന്നൊരുധാരണ ഉണ്ടായിരുന്നു. ഇന്നു് ഇത്തരം പ്രതിഭാസങ്ങളുടെ യഥാത്ഥ വസ്തുതകൾ നമുക്കറിയാം. ഭൗമോപരിതലത്തിൽ കാണുന്ന പാറകൾ നിങ്ങൾ ശ്രദ്ധിച്ചുകാണും. ഉറച്ചുകട്ടിയായ പാറകൾ. എന്നാൽ ഭൂമിയ്ക്കുള്ളിൽ ഇതെല്ലാം ഉയന്ന സമ്മർദ്ദവും താപവും കാരണം ദ്രാവകാവസ്ഥയിലാണ്. ഇത്തരമൊരു അവസ്ഥയിലുള്ള മിശ്രിതത്തെ 'മാഗ്മ' എന്നു വിളിക്കുന്നു. പല കാരണങ്ങൾകൊണ്ടു മാഗ്മ ഉത്ഭവിക്കുന്ന സ്ഥാനങ്ങളിൽ സമ്മർദ്ദം കൂടുതലാകുമ്പോൾ വിള്ളലുകളിലൂടെയും മററും മാഗ്മ പ്രതലത്തിലേക്കു വരാനുള്ള പ്രവണത കാണിക്കും. ഭൂമിക്കുള്ളിൽ വാതകങ്ങളുടെ ആധിക്യം നിമിത്തം സമ്മർദ്ദം കൂടുതലാകുകയും സ്ഫോടനം ഉണ്ടാകുകയും ലാവയെന്ന പേരിൽ ഒഴുകുകയും ചെയ്യുന്നു. ഒരേ വിള്ളലിലൂടെ അനേകപ്രാവശ്യം സ്ഫോടനങ്ങൾ നടക്കുകയും ലാവ ഒഴുകി തണുത്തുറയ്ക്കുകയും ചെയ്യുന്നതിന്റെ ഫലമായി ഉണ്ടാകുന്നതാണ് മുകളിലേക്കു കൂമ്പി നില്ക്കുന്ന അഗ്നിപർവതങ്ങൾ. വിസ്ഫോടനമൊ സമ്മർദ്ദത്തിന്റെ മററു ലാഞ്ഛനകളൊ കാണിക്കാതെ ഒഴുകുന്ന ലാവകളുമുണ്ട്. ഇത്തരത്തിലുള്ള ലാവ തണുത്തുറച്ചാൽ പർവതങ്ങൾക്കുപകരം നിരയുള്ള തിട്ടകളൊ, മേടുകളൊ ആണ് ഉണ്ടാകുക. ഇന്ത്യയിൽ 'ഡെക്കാൻ ട്രാപ്പുകൾ' എന്ന വർഗത്തിൽപെടുന്ന ശിലകൾ ഇങ്ങനെ ഉണ്ടായതാണ്. ഇന്ത്യയുടെ ഭൂവിജ്ഞാന ചിത്രമെടുത്തുനോക്കിയാൽ ഈ ശിലകൾ മഹാരാഷ്ട്ര, ഗുജറാത്ത് തുടങ്ങിയ പ്രദേശങ്ങളിൽ വ്യാപിച്ചു കിടക്കുന്നതായി കാണാം.

നോവൽ

# ശിലാലിപി

മൂലകഥാകാരൻ :

**ഡോ. നീഹാർരഞ്ജൻഗുപ്ത**

വിവർത്തനം :

**പി. ചന്ദ്രശേഖരൻനായർ**

## 11

മൂന്നു നാലു മാസങ്ങൾക്കുശേഷം സരിത് പെട്ടെന്നൊരു രാത്രി ശ്രീനിവാസനെ ട്രങ്ക്കാൾ വിളിച്ചു് പറഞ്ഞു: നാളെ വൈകുന്നേരത്തെ ഫ്ളൈററിൽ ഞാൻ ഡെൽഹിക്കു വരുന്നുണ്ടു്, നീ എയർപോർട്ടിൽ വരണം.

— എന്താടോ, പ്രത്യേകിച്ചു് വല്ല കാര്യവുമുണ്ടോ ഡെൽഹിയിൽ ?

— കേമം ! നിന്നോടു് ഞാൻ അന്നേ പറഞ്ഞിരുന്നില്ലേ, കുറച്ചു ദിവസം കഴിഞ്ഞു് ഞാൻ വീണ്ടും അങ്ങോട്ടു വരുന്നുണ്ടെന്നു് ?

— അതു ശരി....... ങാ........ പിന്നെന്തെല്ലാമാണു് നിൻെറ വർത്തമാനം ? ജോലിയൊക്കെ എങ്ങനെ നടക്കുന്നു? ശ്രീനിവാസൻ ചോദിച്ചു.

— ങാ .. അങ്ങനെ പോയ്ക്കൊണ്ടിരിക്കുന്നു.... അത്രമാത്രം.

— ശരി, ഞാൻ എയർപോർട്ടിലുണ്ടായിരിക്കും

വാസ്തവത്തിൽ സരിതിന്നു് ഡെൽഹിയിൽ ആവശ്യമൊന്നുമില്ലായിരുന്നു. ഡെൽഹി, തന്നെ കലശലായി ആകർഷിച്ചിരുന്നു, ഡെൽഹിയല്ല നന്ദിത.

അമേരിക്കയിലും സരിതിന്നു തുടർന്നു ജീവിക്കാൻ സാദ്ധ്യമാകാതിരുന്നതും ഇതേ കാരണംകൊണ്ടുതന്നെയായിരുന്നു. ഒടുവൊടുവായപ്പോൾ മനസ്സിന്നു് എങ്ങനേയോ ക്ഷീണവും വിഷണ്ണതയും അനുഭവപ്പെട്ടു.

അപ്പോളയാൾക്കു് അറിഞ്ഞുകൂടായിരുന്നു—സ്വപ്നത്തിൽ പോലും വിചാരിക്കാത്തതായിരുന്നു- നന്ദിത ഡെൽഹിയിൽത്തന്നെ ഉണ്ടെന്ന സംഗതി. സരിതിൻെറ ധാരണ നന്ദിത അപ്പോഴും കൽക്കത്തയിൽ തന്നെയാണെന്നായിരുന്നു.

ഇതാണു് സരിതു് അമേരിക്കാവാസം വേണ്ടെന്നുവെച്ചു് പെട്ടിയും ഭാണ്ഡവുമായി സ്വദേശത്തേക്കു തിരിച്ചു വരാൻ കാരണം.

നാട്ടിലെത്തിയതും പൊടുന്നനെ പാലം വിമാനത്താവളത്തിൽവെച്ചു് ആ വിധം നന്ദിതയെ കണ്ടുമുട്ടുമെന്നു് വിചാരിച്ചിരുന്നതേയില്ല. അവളെ കണ്ടതിന്നു ശേഷമാണു് സരിതിന്നു മനസ്സിലായതു്, അമേരിക്കയിൽനിന്നു തിരിച്ചുവന്നതു് അവളുടെ ആകർഷണംകൊണ്ടുമാത്രമായിരുന്നുവെന്നു്.

അതിൽ പിന്നെ കൽക്കത്തയിൽകഴിച്ചുകൂട്ടിയ ഈ നാലഞ്ചു മാസക്കാലം തൻെറ മനസ്സിൽ എപ്പോഴും നന്ദിതയെപ്പററിയുള്ള ചിന്തയായിരുന്നു വന്നും പോയ്ക്കൊണ്ടുമിരുന്നതു്. ക്രമേണ അവളെക്കാണാനുള്ള ആഗ്രഹം മനസ്സിനെ പീഡിപ്പിച്ചു തുടങ്ങി. അയാൾക്കിപ്പോൾ നന്ദിതയെക്കൂടാതെയുള്ള ജീവിതം അർത്ഥശൂന്യമാണെന്നു തോന്നിത്തുടങ്ങിയിരിക്കുന്നു.

തെററിപ്പോയി. താൻ ചെയ്തതു് തെററായിപ്പോയി.

---

ളുടെ നടുഭാഗത്തുള്ള പർവതമേടുകൾ. അഗ്നിപർവതങ്ങളുടെ സാന്ദ്രത കൂടുതലും മുകളിൽ പറഞ്ഞ പ്രദേശങ്ങളിലാണു്. ഇതിനൊരു ശാസ്ത്രീയ അടിസ്ഥാനമുണ്ടു്. ഭൂമിയുടെ പുറംതോടു പല 'ഫലക'ങ്ങളായി പുറം ചട്ടയുടെ മുകളിൽ 'ഒഴുകി' നടക്കുന്നതായി ഇന്നു് സ്ഥിരീകരിച്ചിട്ടുണ്ടു്. 'ഇന്ത്യൻ ഫലകം' കോടിക്കണക്കിനു വർഷങ്ങൾക്കു മുമ്പു് 'ഏഷ്യ ഫലക'ത്തിൽ ചെന്നിടിച്ചതിൻെറ ഫലമായിട്ടാണു് ഹിമാലയൻ പർവത നിരകൾ ഉണ്ടാകുകയും ഉയർന്നു വരുകയും ചെയ്തതു. ഇങ്ങനെ പലയിടത്തും ഇത്തരം സംഭവങ്ങൾ നടന്നിട്ടുണ്ടു്. 'വൻകരകൾ'ക്കു സ്ഥാനചലനം സംഭവിയ്ക്കുന്ന പ്രക്രിയ (plate tectonics) യുമായി ബന്ധപ്പെട്ടതാണതു്. ആഗ്നേയ പ്രവർത്തനങ്ങൾ സ്വാഭാവികമായും ഈ ഫലകങ്ങളുടെ അതിരുകളിൽ രൂക്ഷമാണു്. അതിനാൽ അഗ്നിപർവതങ്ങൾ ഈ പ്രദേശങ്ങളിൽ കൂടുതലായി കാണപ്പെടുന്നു. □

[illegible] — Jan, 1988

ഭൂമിയിൽ ജീവന്റെ ഉത്ഭവം ആകസ്മികമാണൊ? ആകസ്മികം എന്ന വാക്കിന്റെ അർത്ഥതലങ്ങളിലേക്കു നമുക്കിപ്പോൾ കടക്കണ്ട. 3500 ദശലക്ഷം വർഷങ്ങൾക്കു മുമ്പ് നിലവിലുണ്ടായിരുന്ന ചുററുപാടുകളുടെ അനിവാര്യമായ ഉത്പന്നമായിരുന്നില്ലെ ജീവൻ? എന്താണ് നമുക്കു സംഭവിച്ചതെന്നു പരിശോധിക്കാം. എന്നിട്ടു നിങ്ങൾതന്നെ തീരുമാനിക്കൂ.

**കുട്ടികളുടെ ശാസ്ത്രപംക്തി**

**നമ്മുടെ ഭൂമി–2**

# ജീവന്റെ ഉത്ഭവം

**സി. പി. രാജേന്ദ്രൻ**

ഇപ്പോൾ നമ്മുടെ പക്കലുള്ള വിവരങ്ങൾ അനുസരിച്ച് ജലമായിരുന്നു ആദിമ ജീവികളുടെ ആവിർഭാവത്തിനും വികാസത്തിനും അനപേക്ഷണീയമായിരുന്നത്. പ്രാകൃതാന്തരീക്ഷത്തിൽ പ്രധാനമായും ഉണ്ടായിരുന്നത് മീഥേനും അമോണിയയുമായിരുന്നു. അതോടൊപ്പം ജലകണങ്ങളും കാർബൺ ഡയോക്സൈഡും ധാരാളമായുണ്ടായിരുന്നു. അൾട്രാ-വയലററ് രശ്മികളുടെ വികിരണം കൂടിയായപ്പോൾ മുകളിൽ സൂചിപ്പിച്ച മൂലകങ്ങൾ സംയോജിച്ച് വളരെ സരളമായൊരു ജൈവക തന്മാത്രയുടെ ഉത്ഭവത്തിനു സഹായകമായ ഒരു ജൈവക രാസമിശ്രിതമായി മാറി. ഈ മിശ്രിതത്തെ നമുക്കു 'ഓർഗാനിക് സൂപ്പ്' എന്നു വിളിക്കാം. ഇടിമിന്നലുകളോടു കൂടിയ ഒടുക്കമില്ലാത്ത വർഷപാതമായിരുന്നു അന്ന്. മഴവെള്ളം ഉപരിതലത്തിലുള്ള തടങ്ങളിൽ ശേഖരിക്കപ്പെട്ടിരുന്നു. കടലുകളുടെ വികസനത്തിന്റെ ആദ്യപടിയായിരുന്നു ഈ തടങ്ങൾ. 'ഓർഗാനിക് സൂപ്പ്' എന്ന മിശ്രിതം ഉണ്ടായതും ഈ തടങ്ങളിലായിരുന്നു.

ഭൂമിയുടെ ശൈശവദശയിൽ നടന്നിരിക്കാവുന്ന ഈ സംഭവങ്ങൾ നമുക്കെങ്ങിനെ മനസ്സിലായി? ഗവേഷണശാലകളിൽ നടത്തിയ പരീക്ഷണങ്ങളാണ് ഇതു വ്യക്തമാക്കിയത്. ഈ വിധത്തിലുള്ള പരീക്ഷണം ആദ്യമായി നടത്തിയ 'ഒപ്പാരിൻ' എന്ന റഷ്യൻ ശാസ്ത്രജ്ഞനോട് നാം ഇക്കാര്യത്തിൽ കടപ്പെട്ടിരിക്കുന്നു. മീഥേൻ തന്മാത്രകളിൽ വൈദ്യുതിയും അൾട്രാവയലററ് രശ്മികളും അദ്ദേഹം കടത്തിവിടുകയുണ്ടായി. ഈ പ്രക്രിയയ്ക്കുശേഷം ഉദ്ദേശിച്ചതുപോലെ തന്നെ ജീവന്റെ അങ്കുരങ്ങളായ രാസകണികകൾ രൂപം പ്രാപിച്ചതായി കാണാൻ സാധിച്ചു. ഗവേഷണരംഗത്തെ ഒരു മഹാസംഭവമായി ഇന്നും അതു തുടരുന്നു.

അപ്പോൾ അതായിരുന്നു തുടക്കം. അതിനുശേഷമുള്ള തുടർച്ചയായ രാസപ്രവർത്തനങ്ങൾ മൂലം പ്രോട്ടീൻ തന്മാത്രകൾ ഉണ്ടായി.

---

മാണത്. ഇതേപ്പററി ഇതുവരെക്കും കേരളവിദ്യാലയം ഭാരവാഹികൾ ആലോചിച്ചിട്ടുണ്ടോ എന്നറിയില്ല. സ്ഥലം കിട്ടിയാൽ ആവശ്യത്തിന്നനുയോജ്യമായി 'വലിയ മാളികയൊന്നുമല്ലാത്ത കെട്ടിടം തീർക്കാൻ എല്ലാവരും ഒന്ന് ശ്രമിച്ചാൽ സാധിച്ചേക്കും. അതോടെ ഇന്നത്തെ കെട്ടിടം വഴി സമാജം കൂടുതൽ സജീവമായ സാംസ്കാരിക പ്രവർത്തനങ്ങളിൽ വ്യാപൃതമാകുകയും ചെയ്യാം.

പത്തു കുട്ടികളും ഒരു അദ്ധ്യാപികയുമായി തുടങ്ങിവെച്ച കേരളവിദ്യാലയം ഇന്നത്തെ നിലയിൽ ഉയർത്താൻ പ്രവർത്തിച്ച, ഏറെ വർഷങ്ങൾ ജനറൽ സെക്രട്ടറിയായിരുന്ന ശ്രീ. ബി. രാമുണ്ണിമേനോൻ, സ്കൂൾ സെക്രട്ടറി ശ്രീ. എസ്. എസ്. പിള്ള, അദ്ധ്യക്ഷന്മാരായിരുന്ന ഡോ. സി. ആർ. ആർ. പിള്ള, ശ്രീ. കെ. വാസുദേവൻ എന്നിവർ അഭിനന്ദനമർഹിക്കുന്നു. ആദ്യവർഷങ്ങളിൽ അദ്ധ്യാപികമാരുടെ മാസംതോറുമുള്ള ശമ്പളം, മററ് ചെലവുകൾ എന്നിവക്ക് പണം സ്വരൂപിക്കാനും, ഇടറിപ്പോകാതെ വിദ്യാലയം നടത്താനും പാടുപെടേണ്ടിവന്ന ആദ്യകാല സ്കൂൾ സെക്രട്ടറി ശ്രീ. പി. ജി. പൊതുവാളുടെയും കമ്മററി അംഗങ്ങളുടെയും സേവനവും എടുത്തുപറയാനാഗ്രഹിക്കുന്നു. വിയർപ്പും കണ്ണീരും കലർന്ന സംഭവങ്ങളിൽ, ഇതിൽ മിക്കതിന്റെയും പ്രസക്തി ആ വിയർപ്പു കറയോടൊപ്പം, കണ്ണീരോടൊപ്പം മറന്ന് പോവാതരിക്കട്ടെ എന്ന നിവേദനവും! □



Inches 1 2 3 4 5 6 7 8
Centimetres 1 2 3 4 5 6 7 8 9 10 11 12 13 14 15 16 17 18 19
TIFFEN® Color Control Patches © The Tiffen Company, 2007
Blue Cyan Green Yellow Red Magenta White 3/Color Black

അതുപോലെ നൈട്രജൻ, ഹൈഡ്രജൻ, ഫോസ്ഫറസ് എന്നീ മൂലകങ്ങൾ ചേർന്ന് ന്യൂക്ലിക് അമ്ലങ്ങളും ഉണ്ടായതായി അനുമാനിക്കപ്പെടുന്നു. പ്രോട്ടീൻ തന്മാത്രയും ന്യൂക്ലിക് അമ്ലങ്ങളും സംയോജിച്ച് ആദ്യത്തെ കോശമുണ്ടായി ഇമ്മാതിരി ഉണ്ടായ ആദിമകോശങ്ങൾ വിഭജിച്ചിട്ടായിരിക്കണം പുതിയ കോശങ്ങളെ ഉത്പാദിപ്പിച്ചതു്.

ജൈവകവും അതേസമയം അജൈവകവുമായ 'വയറസ്'കളോട് സാമ്യമുള്ളതായിരുന്നു ആദ്യമുണ്ടായ ജീവികൾ. കോശജീവികളിൽ പിന്നീടുണ്ടായ വികാസത്തിന്റെ ഒരു പ്രധാനഘട്ടം കോശത്തെ പൊതിയുന്ന നേരിയ ആവരണ (മെമ്പ്രേയിൻ) ത്തിന്റെ ഉത്ഭവത്തോടെയാണ് തുടങ്ങുന്നതു്. ആധുനിക കോശങ്ങളുടെ 'മെമ്പ്രേയിൻ' ഉണ്ടാക്കപ്പെട്ടിരിക്കുന്നതു് പ്രോട്ടീനും കൊഴുപ്പും ചേർന്നുണ്ടായ 'ലിപ്പിഡു്' എന്ന പദാർത്ഥംകൊണ്ടാണ്. പക്ഷെ പ്രാകൃത കോശാവരണങ്ങൾ ഉണ്ടാക്കപ്പെട്ടതു് ശിലകളിൽ നിന്നു അപക്ഷരണം ചെയ്യപ്പെട്ടുവന്ന ഫോസ്ഫേററുകളാൽ നിർമ്മിക്കപ്പെട്ട 'ഫോസ്ഫോലിപ്പിഡു'കളെക്കൊണ്ടായിരുന്നു. വൈറസുകളുടെ അടുത്തപടിയെന്നു പറയാവുന്നബാക്ടീരിയകളോടു സാമ്യമുള്ളതായിരുന്നു ആദ്യത്തെ യഥാർത്ഥ ജൈവക കോശങ്ങൾ.

പിന്നീടുണ്ടായതു് അടിസ്ഥാനപരമായ മറെറാരു മാററമായിരുന്നു. കോശങ്ങൾ പ്രകാശ വിശ്ലേഷണ പ്രക്രിയയ്ക്കുള്ള കഴിവു് ആർജ്ജിച്ചു കൊണ്ടായിരുന്നു അതിന്റെ തുടക്കം. ഈ പ്രക്രിയ കാരണം ഭൂമിയിൽ പ്രാണവായു (ഓക്സിജൻ) വിന്റെ ഉല്പാദനം വർദ്ധിക്കുവാൻ തുടങ്ങി, അതിൽനിന്നു ഓക്സിജന്റെ വകഭേദമായ ഓസോൺ അന്തരീക്ഷത്തിൽ ധാരാളമായുണ്ടായി. തുടക്കത്തിൽ ജീവന്റെ ഉത്ഭവത്തിനു വളരെ ആവശ്യമായതും പിന്നീടു് ജീവന്റെ വികാസവേളകളിൽ മാരകവുമായിത്തീർന്ന അൾട്രാവയലററു രശ്മികൾ ഓസോണിന്റെ ആവിർഭാവത്തോടെ തടയപ്പെട്ടു. ജീവന്റെ പിന്നീടുള്ള വികാസത്തിനു ഭൂമിയിൽ അങ്ങിനെ പശ്ചാത്തലമൊരുക്കപ്പെട്ടു. ആഴമുള്ള ജലാശയത്തിൽനിന്നു ആഴമില്ലാത്ത ജലത്തിലേക്കും അവിടെനിന്നു കരയിലേയ്ക്കും ജീവൻ വ്യാപിച്ചു.

ജീവൻ പുതിയ രൂപങ്ങൾ തേടുകയായിരുന്നു. ലളിതമായ രൂപങ്ങളിൽനിന്നു സങ്കീർണ്ണമായ രൂപങ്ങളിലേക്കുള്ള പ്രയാണം തുടങ്ങുകയായിരുന്നു. അനേകമനേകം ദശലക്ഷം വർഷങ്ങൾക്കുള്ളിൽ സംഭവിച്ച മാററങ്ങളാണ് ഇതൊക്കെ. സങ്കീർണ്ണമായ ജീവജാലങ്ങൾ രൂപം പ്രാപിച്ചിട്ടു ഏതാനും ദശലക്ഷം വർഷങ്ങൾ മാത്രമേ ആയിട്ടുള്ളുവെങ്കിലും ഏകകോശ ജീവികളുടെ അഭിലേഖങ്ങൾ 3400 ദശലക്ഷം വർഷം പ്രായമുള്ള ശിലകളിൽ കാണപ്പെടുന്നുണ്ടു്. ആദിമ ഒററകോശ ജീവികളെ 'പ്രോകാരിയോട്ടിക്' ജീവികൾ എന്നു വിളിക്കപ്പെടുന്നുണ്ടു്. ഇതു ഇപ്പോഴത്തെ 'ആൾഗെ'യുമായി സാമ്യമുള്ളതായിരുന്നു. കോശത്തിനുള്ളിൽ 'ന്യൂക്ലിയസ്' ഇല്ല എന്നതായിരുന്നു ഇതിന്റെ പ്രത്യേകത. 'യൂകാരിയോട്ടിക്' കോശങ്ങളുടെ ആവിർഭാവത്തോടുകൂടി 'ന്യൂക്ലിയസ്സ്'കൾ കോശങ്ങൾക്കുള്ളിൽ കാണപ്പെട്ടുതുടങ്ങി. ഇതു നടന്നതു് ഏതാണ്ടു് 1300 ദശലക്ഷം വർഷങ്ങൾക്കുമുമ്പായിരിക്കണം. അതിനു ശേഷം, 570 ദശലക്ഷം വർഷങ്ങൾക്കുമുമ്പ്, സസ്യങ്ങളുടേയും ജീവികളുടേയും വിവിധ രൂപങ്ങൾ അനവധിയായി. ഇതായിരുന്നു കേമ്പ്രിയൻ കാലഘട്ടത്തിന്റെ ആരംഭം. വികാസം പ്രാപിച്ച ജീവജാലങ്ങളുടെ കാലം തുടങ്ങുന്നതും അവിടെ നിന്നാണ്. □

ശ്രീ

## കലിസംതാരണോപനിഷത്ത്

ഭഗവൽ നാമത്തിനു് ലോകത്തിൽ പ്രസക്തിയുള്ളേടത്തോളംകാലം നാരദൻ, ഉദ്ധവർ, ഹനുമാൻ തുടങ്ങിയവർ ബദരീ പ്രദേശത്ത് ഉണ്ടാകുമെന്നതാണല്ലൊ പുരാണപ്രോക്തം.

കലിയുഗം ആരംഭിച്ചതോടെ മനുഷ്യരും മനുഷ്യമനസ്സും മാറിത്തുടങ്ങി. സത്യത്തിനും ധർമ്മത്തിനും വിലകുറഞ്ഞു. ഇതെല്ലാം കണ്ടു് പരിഭ്രാന്തനായ നാരദൻ പിതാവായ ബ്രഹ്മാവിനെ ശരണം പ്രാപിച്ചു. അപ്പോൾ ബ്രഹ്മാവ് സമാധാനിപ്പിച്ച് കലിസംതാരണോപനിഷത്തായ ഷോഡശാക്ഷരി ഉപദേശിച്ചുവത്രെ.

ഹരെ രാമ ഹരെ രാമ രാമരാമ ഹരെഹരെ
ഹരെ കൃഷ്ണ ഹരെ കൃഷ്ണ കൃഷ്ണകൃഷ്ണ ഹരെഹരെ

ഇതു് ജപിച്ചോളൂ. കലി ബാധിക്കയില്ലെന്നും പറഞ്ഞു എന്നാണ്.

സമ്പാദക: ടി. സി. ജാനകി അമ്മ.

April 88



നമ്മുടെ ഭൂമി—4

# ഭൂമി കുലുക്കം

സി. പി. രാജേന്ദ്രൻ

കേരളീയരായ നമുക്ക ഭൂമികുലുക്കത്തെപ്പററി എന്തു പറഞ്ഞാലും അവിശ്വസനീയമായിരിക്കും. ചിലപ്പോഴ നിങ്ങളിൽ ചിലരൊക്കെ ഇത്തരം രംഗങ്ങൾ സിനിമകളിൽ കണ്ടുകാണും. ഭൂമിയിൽ വിള്ളലുകളും ഭ്രംശനങ്ങളും ഉണ്ടാകുന്നതും കെട്ടിടങ്ങളും പാലങ്ങളും മററും ഇടിഞ്ഞുവീഴുന്നതും കടൽ ഇരമ്പുന്നതുപോലെ ശബ്ദമുണ്ടാകുന്നതും മററും ചിത്രീകരിച്ചിട്ടുള്ള ചില ഇംഗ്ലീഷു ചലച്ചിത്രങ്ങൾ ശ്വാസമടക്കിപ്പിടിച്ചു കണ്ടിരുന്ന അനുഭവങ്ങൾ നമ്മളിൽ പലർക്കുമുണ്ടാകും. ഭൂമികുലുക്കം തെക്കേ ഇന്ത്യയിൽ താമസിക്കുന്നവർക്ക് പുതുമയാണെങ്കിലും വടക്കേയിന്ത്യയിൽ പ്രത്യേകിച്ചും ആസാമിലൊ അല്ലെങ്കിൽ അമേരിക്കയിലെ ലോസ് ഏഞ്ചലസിലൊ ജാപ്പാനിലെ ടോക്കിയോവിലൊ താമസിക്കുന്ന ആളുകളോടൊക്കെ ഭൂമികുലുക്കത്തെപ്പററി ചോദിച്ചാൽ അവരൊക്കെ ഏതാണ്ട് ഇതൊരു സ്ഥിരം സംഭവമാണെന്നു പറയും. കേരളം ഉൾപ്പെടുന്ന ഇന്ത്യൻ പെനിൻസുല ഭൂവിജ്ഞാനപരമായ കാരണങ്ങളാൽ പ്രായേണ ഭൂകമ്പ വിമുക്ത മേഖലയാണെന്ന് പറയാം. എങ്കിലും ചില്ലറ ചലനങ്ങളൊക്കെ നമുക്കും പ്രതീക്ഷിക്കാവുന്നതാണ്. പലപ്പോഴും നാമറിയാത്ത തരത്തിലുള്ള വളരെ ചെറിയ തോതിലുള്ള കമ്പനങ്ങളായിരിക്കും അവ. കോഴിക്കോട്ടിനടുത്ത് കോട്ടൂളിയിൽ അടുത്ത കാലത്തു് നടന്നതു് ഇത്തരത്തിലൊന്നാണ്. എന്നാൽ വൻ ഭൂകമ്പങ്ങൾ വമ്പിച്ച നാശനഷ്ടങ്ങൾ വരുത്തിവെക്കും.

കുളത്തിലേക്ക് കല്ലെറിയുമ്പോൾ നാലുവശത്തേക്ക് ഓളങ്ങൾ നീങ്ങുന്നതു് നിങ്ങൾ ശ്രദ്ധിച്ചുകാണും. അതുപോലെ ഭൂമിയുടെ പുറന്തോട് ചില കാരണങ്ങളാൽ മർദ്ദത്തിന് വിധേയമാകുമ്പോൾ പുറന്തോട്ട തരംഗരൂപത്തിൽ ചലിക്കുകയും ഭൂകമ്പങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു. ഭൂകമ്പങ്ങൾ ഉത്ഭവിക്കുന്നതു് പല ആഴങ്ങളിലാണു്. ഇതിനെ ഭൂചലന ഉത്ഭവ കേന്ദ്രങ്ങളെന്നു പറയുന്നു. എന്നാൽ ഉത്ഭവ കേന്ദ്രത്തിൽനിന്ന് തരംഗങ്ങൾ സഞ്ചരിച്ച് എത്തുന്ന ഭൗമോപരിതലത്തിലുള്ള ആഘാത കേന്ദ്രത്തെ 'എപ്പിസെൻറർ' എന്നുവിളിക്കുന്നു. ഭൂകമ്പ കേന്ദ്രങ്ങളുടെ വിതരണത്തിലും ഭൂവിജ്ഞാനപരമായ ചില പ്രത്യേകതകളൊക്കെയുണ്ട്. പെസഫിക് സമുദ്രത്തിൻെറ അടിത്തട്ടുകളുടെ മദ്ധ്യഭാഗങ്ങൾ, ആൽപ്പ് - ഹിമാലയൻ പർവതപ്രദേശങ്ങൾ, ആൻഡിസ്-റോക്കി പർവത പ്രദേശങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലാണ് ഭൂകമ്പ മേഖല പൊതുവായി കാണപ്പെടുന്നതു്. വൻകരകളുടെ സ്ഥാനചലന പ്രവർത്തനങ്ങളും ഈ പ്രദേശങ്ങളും തമ്മിൽ ബന്ധമുണ്ട്. ഈ വിവർത്തനിക മേഖലയിലാണു് പ്രധാനമായും ഭൂകമ്പങ്ങൾ ഉണ്ടാകുന്നതു്. വൻകരകൾ കൂട്ടിമുട്ടുന്നിടങ്ങളിലും സാന്ദ്രത കുറഞ്ഞ ഖണ്ഡം സാന്ദ്രത കൂടിയ ഖണ്ഡത്തിൻെറ അടിയിലേക്കു പോകുന്ന അഗാധ കിടങ്ങുകളിലുമാണു് ഭൂകമ്പ കേന്ദ്രങ്ങൾ വിതരണം ചെയ്യപ്പെട്ടിരിക്കുന്നതു്.

ഭൂമികുലുക്കത്തിൻെറ തീവ്രതയെ അടിസ്ഥാനമാക്കി ചെറുകിടയായും വൻകിടയായും തരംതിരിച്ചിട്ടുണ്ട്. ഒന്നു മുതൽ പത്തു വരെയുള്ള ഈ സ്കേലിനെ 'റിച്ചർ സ്കേൽ' എന്നു പറയുന്നു. ഈ 'സ്കേൽ' അവതരിപ്പിച്ച ശാസ്ത്രജ്ഞനാണ് റിച്ചർ- വൻഭൂമികുലുക്കത്തിൽ കെട്ടിടങ്ങൾ ഇടിയുകയും വെള്ളത്തിൻേറയും വിദ്യുച്ഛക്തിയുടേയും മററും പൈപ്പുകൾ പൊട്ടുകയും വിള്ളലുകളും ഭ്രംശനങ്ങളും ഉണ്ടാകുന്നതും സാധാരണമാണ്. ആയിരക്കണക്കിനു ആളുകൾക്കു ജീവനാശവും സംഭവിക്കുന്നു. മെക്സിക്കൊയിൽ നടന്ന ഭൂമികുലുക്കത്തിൽ സംഭവിച്ച നാശനഷ്ടങ്ങളുടെ കഥ മറക്കാറായിട്ടില്ലല്ലൊ.

ഭൂകമ്പനത്തെ അളക്കാനുള്ള യന്ത്രമാണ് 'സീസ്മോഗ്രാഫ്' നെടുനാളായി ഭൂമിയുടെ ഉള്ളിലെവിടെയോ ശേഖരിക്കപ്പെടുന്ന അപരിമേയമായ ഊർജ്ജം ഭൂകമ്പം മൂലം സ്വതന്ത്രമാക്കപ്പെടുന്നു. പ്രഭവകേന്ദ്രത്തിൽനിന്നു പലവിധതരംഗങ്ങളായി നാലുപാടും സഞ്ചരിക്കുന്നു. ഭൗമോപരിതലത്തിലെത്തുന്ന ഇത്തരം തരംഗങ്ങളെ അളക്കാനുപയോഗിക്കുന്ന ഉപകരണമാണ് സീസ്മൊ ഗ്രാഫ്. ഭൂമിയിൽ ഇന്നു് ആയിരക്കണക്കിന് സീസ്മോഗ്രാഫുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയിലൂടെയാണ് ഭൂമിക്കടിയിൽ വച്ച് നടത്തപ്പെടുന്ന അണുസ്ഫോടനത്തെപ്പററിയും മററും പുറംനാട്ടുകാർ അറിയുന്നതു്. ❋

നോവൽ

# ശിലാലിപി


മൂലകഥാകാരൻ :
**ഡോ. നീഹാർരഞ്ജൻഗുപ്ത**

വിവർത്തനം :
**പി. ചന്ദ്രശേഖരൻനായർ**


## 12

ഈ വിഷയത്തിൽ സരിതിന്റെ ചിന്തകൾ എത്രത്തോളം ആഴത്തിൽ പോയ്ക്കൊണ്ടിരുന്നുവോ, അത്രയും കൂടുതലായിത്തീന്നിരുന്നു അയാളുടെ മനസ്സിന്റെ ചാഞ്ചല്യവും.

നന്ദിത എന്തുകൊണ്ടാണ് തന്നെ ഈ കാര്യം അറിയിക്കാതിരുന്നതു്?

എന്തായിരിക്കും അതിന്നു് കാരണം?

അവർ തമ്മിൽ വിവാഹമോചനം കഴിഞ്ഞതുകൊണ്ടായിരിക്കുമോ? വിവാഹമോചനവും സന്താനമുണ്ടാവുന്നതും തമ്മിൽ എന്തുസംബന്ധമാണുള്ളതു്.

രാഹുൽ വിവാഹമോചനത്തിന്നു മുമ്പായി ജനിച്ചിരുന്നുവെന്നു വെക്കുക, എന്നാലും സരിത് അവരുടെ മകനെ നന്ദിതക്കു വിട്ടുകൊടുക്കുകയില്ലായിരുന്നു.

ഇത് അന്യായമായിപ്പോയി—നന്ദിത കാണിച്ചത് അന്യായമാണു്.

തനിക്കൊരു മകനുണ്ടായ വിവരം തന്നെ അറിയിക്കേണ്ടതു അവളുടെ കർത്തവ്യമായിരുന്നില്ലേ.

പിറേറന്നു ബ്രേക്ഫാസ്റ്റ് ടേബിളിലിരുന്നു് പ്രാതൽ കഴിക്കുമ്പോൾ സരിതിന്റെ മുഖത്തേക്കു നോക്കിക്കൊണ്ടു് ശ്രീനിവാസൻ ചോദിച്ചു. 'എന്താടോ, സരിത്, ഇന്നലെ രാത്രി ഉറക്കം ശരിയായില്ലെന്നു തോന്നുന്നു?'

—ഇല്ല... ഉറക്കംവന്നില്ല.

—എന്തുകൊണ്ടു്?

—രാത്രിമുഴവനും എന്റെ കുട്ടിയെപ്പററി ചിന്തിക്കയായിരുന്നു. നന്ദിത എന്നെ എന്തുകൊണ്ടാണു് അറിയിക്കാതിരുന്നതു്. നിനക്കും കുറെ ദിവസമായിട്ടു് അറിയാമായിരുന്നുവല്ലോ, ശ്രീനിവാസ്— നീയും എന്നെ അറിയിച്ചില്ല.!

—വാസ്തവം പറയുകയാണെങ്കിൽ, ഞാൻ വളരെ ഒടുവിലാണറിഞ്ഞതതു്. എന്നിട്ടും, അറിഞ്ഞശേഷം ഞാൻ നന്ദിതയോടു് നിന്നെ അറിയിക്കാൻ പറഞ്ഞിരുന്നു. പക്ഷെ, അവൾക്കതു സമ്മതമായിരുന്നില്ല. അതുമാത്രമല്ല നിന്നെ അറിയിക്കരുതെന്നും എന്നോടു് പറഞ്ഞു.

—അതുകൊണ്ടാണോ നീയും എന്നെ അറിയിക്കാതെ സംഗതി മറച്ചുവെച്ചിരുന്നതു്?

—അതിരിക്കട്ടെ, സരിത്, ഇപ്പോൾ നീ അറിഞ്ഞുവല്ലോ—ഇനി എന്താണു് ചെയ്യേണ്ടതെന്നു വെച്ചാൽ ചെയ്യു.

—തീർച്ചയായും ചെയ്യും. നന്ദിത എന്നെപ്പററി എന്താ വിചാരിച്ചത്!

—നീ അവളോടു വഴക്കു കൂട്ടാനാണോ പോണത്, അവളിന്നുവന്നാൽ?

—അല്ല.

—എന്നാൽ പിന്നെന്താ ഭാവം?

—മകനെ ഞാൻ എന്റെകൂടെ കൊണ്ടുപോകും...

—വിട്ടുതന്നില്ലെങ്കിലോ?

—വിട്ടുതരില്ലെ, എന്തുകൊണ്ടു് വിടില്ല്യ— ഇതെന്താ കൊള്ളക്കാരുടെ നാടാണോ, അവളുടെ ഇഷ്ടംപോലെ ചെയ്യാൻ!

ശ്രീനിവാസൻ ചിരിച്ചു.

വാസ്തവത്തിൽ സരിതിന്റെ മനോഭാവം അറിഞ്ഞശേഷം ഇന്നലെ ശ്രീനിവാസന്നു് സന്തോഷമാണുണ്ടായതു്. അയാളുടെ മനസ്സിൽ ഒരാശ പൊങ്ങിവന്നതെന്തെന്നാൽ ഈ പ്രാവശ്യം രാഹുലിനെ കേന്ദ്രമാക്കി സരിതും നന്ദിതയും തമ്മിൽ യോജിപ്പുണ്ടാകുമെന്നും, വീണ്ടും അവർ സ്നേഹപൂർവം ഒത്തു ജീവിതം നയിക്കുമെന്നുമായിരുന്നു.

സരിത മനസ്സമാധാന മില്ലാതെ കിടന്നുഴലുകയായിരുന്നു. അയാൾക്കു് ഉടനെതന്നെ നന്ദിതയുടെ വീട്ടിലേക്കു ഓടിച്ചെല്ലാനാഗ്രഹം തോന്നും. പക്ഷേ ചിലപ്പോൾ ആഗ്രഹം അടക്കിവെക്കും. അടുത്ത നിമിഷംതന്നെ വിചാരിക്കും എപ്പോഴാണു് നന്ദിത വന്നെത്തുക എന്നു്.

രാഹുൽ എപ്പോൾ വരും.

നോവൽ

# ശിലാലിപി

മൂലകഥാകാരൻ :
**ഡോ. നീഹാർരഞ്ജൻഗുപ്ത**

വിവർത്തനം :
**പി. ചന്ദ്രശേഖരൻനായർ**

## 13

ശ്രീനിവാസൻ പറഞ്ഞു: 'നിങ്ങളുടെ ജീവിതത്തിലെ ഇപ്പോഴത്തെ വലിയ പ്രശ്നം നിങ്ങളുടെ സന്താനമായ രാഹുലിനെ ച്ചൊല്ലിയാണ്. ഭാര്യാഭർത്താക്കന്മാരായ നിങ്ങൾക്ക് അവനോടു ചില കടമകളുണ്ട്- സന്താനത്തോടുള്ള മാതാപിതാക്കളുടെ കർത്തവ്യം.

-പക്ഷെ.....

എനിക്കു തോന്നുന്ന ഒരു കാര്യം ഈ പരിതസ്ഥിതിയിൽ രാഹുലിന്നു് ഒരിക്കലും സ്വാഭാവികമായി വളർന്നു വലുതാവാൻ സാദ്ധ്യതയില്ല. നിങ്ങളുടെ ഇപ്പോഴത്തെ സമ്പർക്കം ക്രമേണ ക്രമേണ അവന്നു് ഒരസ്വാഭാവികരൂപമാണ് കൊടുക്കുക. അതു തീർച്ചയായും അവന്നു മംഗളകരമായിത്തീരുകയില്ല. അവന്നു് വയസ്സാകുന്തോറുമാണ് ഈ സംഗതി കൂടുതൽ പ്രകടമാവുക.

.നീ കണ്ടില്ലേ, ശ്രീനിവാസ്, ഞാൻ എന്നാൽ കഴിയുന്നതും ശ്രമിച്ചതു്, പക്ഷെ നന്ദിത....

വിവാഹമോചനത്തിന്നു മുമ്പ് നിങ്ങൾ എല്ലാഭാഗവും സ്ഥിരതയോടെയും ശാന്തമായും ഇരുന്നാലോചിച്ചിരുന്നെങ്കിൽ, സരിത് ഇന്നു് ഈ മാതിരിയൊരു പ്രശ്നത്തിൽ പെട്ടമായിരുന്നില്ല. അന്നു നിന്നെ ഞാൻ ഇതുതന്നെയാണു് പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചിരുന്നതു്. പക്ഷെ നീ... ശ്രീനിവാസൻ ഒന്നു നിർത്തി വീണ്ടും തുടർന്നു.... കാര്യത്തിന്റെ കിടപ്പ് എങ്ങനെയാണെന്നോ, സരിത്, എനിക്കുതോന്നുന്നതു് ഇപ്പോഴും സമയമുണ്ടെന്നാണ്.

---

കാണാനെയില്ല. ഈ വസ്തുതകളിൽനിന്നും ദിനസോറുകളുടെ പരിണാമപ്രക്രിയയെയും ആ ജീവികളുടെ പ്രത്യേകതകളെയും അവ ജീവിച്ചിരുന്ന സാഹചര്യങ്ങളെയും അവയുടെ ഫോസിലുകൾ ഉള്ള ശിലകളുടെ പ്രായത്തെയും നിർണയിക്കാവുന്നതാണ്.

സസ്യഫോസിലുകളുടെ പഠനവും ഭൂമിയുടെ ചരിത്രത്തെപ്പററി വിലപ്പെട്ട വിവരങ്ങൾ നൽകിയിട്ടുണ്ട്. ഇന്ത്യയും ആസ്ത്രേലിയയും ആഫ്രിക്കയും അൻറാർട്ടിക്കയും ഗോൺഡ്വാന എന്ന ഒരൊററ മഹാഖണ്ഡത്തിന്റെ ഭാഗമായിരുന്നു എന്നതിന്ന് തെളിവുകൾ സസ്യഫോസിലുകളുടെ പഠനത്തിൽനിന്നാണ് അറിവായതു്. ആ കാലത്ത് നിക്ഷേപിക്കപ്പെട്ട ഊറലുകളിലും കല്ക്കരി നിക്ഷേപങ്ങളിലും ഒരേ വർഗത്തിൽപ്പെട്ട സസ്യഫോസിലുകൾ കണ്ടെത്തിയതിനെ തുടർന്നാണ് ഇതറിഞ്ഞതു്. അൻറാർട്ടിക്കയിലെ ചില ഭാഗങ്ങളിൽനിന്നു ഉഷ്ണമേഖലയിൽ മാത്രം വളരുന്ന വൃക്ഷങ്ങളുടെ ഫോസിലുകൾ കണ്ടെത്തിയിട്ടുണ്ട്. അൻറാർട്ടിക്ക ഹിമപ്രദേശമായി മാറിയതു് പിന്നീടാണെന്നു ഇതു തെളിയിക്കുന്നു.

സമുദ്രജലത്തിൽ ജീവിക്കുന്ന റേഡിയൊലേറിയനുകൾ, ഡൈയാററമുകൾ, ഫൊറാമിനിഫെറകൾ തുടങ്ങിയ സൂക്ഷ്മജീവികളുടെ ഫോസിലുകളുടെ പഠനം സെനൊസോയ്ക് മഹാകൽപ്പത്തിലെ ഫോസിൽ വിജ്ഞാനത്തിന്നു ഒഴിച്ചുകൂടാനാവാത്തതാണ്. എണ്ണശേഖരമുള്ള ഊറൽ പാറകളുടെ പ്രായത്തെ കണ്ടുപിടിക്കുന്നതിനും മററു ഊറൽ പാറകളുമായുള്ള താരതമ്യ പഠനത്തിനും അതു വഴി പെട്രൊളിയത്തിന്റെ പുതിയ ഉറവകൾ കണ്ടെത്തുന്നതിനും ഫോസിൽ ഫൊറാമിനിഫറകളുടെ പഠനം സഹായിക്കുന്നു.

ദൈവം ഭൂമിയെ സൃഷ്ടിച്ചു എന്ന കൽപനയെ വിശ്വസിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. പിന്നീടു ഇതിനെതിരായും അനുകൂലമായും അനേകം വാദപ്രതിവാദങ്ങൾ ആശയമണ്ഡലത്തിൽ നടന്നു. എന്നാൽ 'ദിവ്യോൽപ്പത്തി'യ്ക്കെതിരെ അനിഷേധ്യമായ തെളിവുകൾ നിരത്തിവെയ്ക്കാൻ സഹായിച്ച ഫോസിലുകൾക്കും അതിന്റെ പ്രാധാന്യത്തെ മനസ്സിലാക്കിയ ചാൾസ് ഡാർവിനും നാം നന്ദിപറയുക.

★

കഴിയുന്നതും ശ്രമിച്ച് എങ്ങനെയെങ്കിലും നന്ദിതയെ തിരിച്ചു കൊണ്ടു വരികയാണ് ഉത്തമം. നീ എൻെറ വണ്ടിയെടുത്ത് രാഹുലിനേയും കൂട്ടി നന്ദിതയുടെ വീട്ടിലേക്കു തന്നെ ചെല്ലു്.

സരിത് പിന്നെ താമസിച്ചില്ല.

രാഹുൽ അമ്മയെ അന്വേഷിച്ചുകൊണ്ടു് കരഞ്ഞു കരഞ്ഞു് ഒടുവിൽ ഒന്നും മിണ്ടാതെ മുഖവും വീർപ്പിച്ചു കൊണ്ടിരിക്കയാണ്.

സരിത് അവൻെറ കൈ പിടിച്ചുകൊണ്ടു് പറഞ്ഞു- വാ, രാഹുൽ, നമുക്ക് നിൻെറ മമ്മിയുടെ അടുത്തേക്കുപോവാം.

രാഹുലിൻെറ കണ്ണുകൾ സന്തോഷംകൊണ്ടു് തിളങ്ങി.

രണ്ടുപേരും താഴത്തേക്കിറങ്ങി ച്ചെന്നു കാറിൽ കയറിയിരുന്നു. ഡ്രൈവർ രഘുനാഥ് വണ്ടി ഓടിച്ചുകൊണ്ടു പോയി.

ഏകദേശം ഒരു മണിക്കൂർ കഴിഞ്ഞാണ് സരിത് രാഹുലിനേയും കൊണ്ടു് നന്ദിതയുടെ വീട്ടിനു മുമ്പിൽ കാറിൽ നിന്നിറങ്ങിയതു്.

കോണി കയറി രണ്ടാം നിലയിൽ ചെന്നു. തുറന്നു കിടന്നിരുന്ന വാതിലിലൂടെ രാഹുലാണ് ആദ്യം മുറിക്കകത്തു കടന്നു ചെന്നതു്. അവൻ മമ്മീ, മമ്മീ എന്നു പലതവണ വിളിച്ചു. പക്ഷെ നന്ദിതയുടെ യാതൊരു ശബ്ദവും കേട്ടില്ല. കുട്ടിയുടെ പുറകെ സരിതും മുറിക്കകത്തു വന്നു

അകത്തു കടന്നതും സരിതിൻെറ ശ്രദ്ധ ആകർഷിച്ചതു് ഡ്രെസ്സിങ്ങ് ടേബിളിന്നുമേൽ വെച്ചിരുന്ന തൻെറ പടമായിരുന്നു.

വേലക്കാരി ചന്ദ്ര ആ സമയത്തു് താഴത്തുനിന്നു കയറി വന്നു് പറഞ്ഞു.

— മേം സാബു് ഇവിടെ ഇല്ല, ബാബുജീ...

— ഇല്ലേ! എവിടെപ്പോയി? സരിത് ചോദിച്ചു.

—അതെനിക്കറിഞ്ഞുകൂടാ, ബാബുജി.... മേം സാബു് ഞങ്ങടെ ശമ്പളമെല്ലാം തന്നുതീർത്തു്, ഒരു സൂട്ട്കേസുമെടുത്തു് വണ്ടിയിൽ എങ്ങോട്ടോ പുറപ്പെട്ടു പോയി— പത്തിരുപതു മിനിട്ടായിക്കാണും പോയിട്ടു്.

— നിങ്ങളുടെ ശമ്പളവും മററും തന്നു തീർത്തിട്ടാണൊ പോയതു്?

— ഓ.... അതെ.... ഓ മേം സാബു്, പോകുന്നതിന്നു മുമ്പു് ഒരു കത്തെഴുതി വെച്ചിട്ടുണ്ടു്, സാർ.

— കത്തോ?

— അതെ, സാർ. അതാ.... അതാണ് കത്തു്.

കത്തു് മേശപ്പുറത്തുവെച്ചിരുന്ന ഫോട്ടോവിൻെറ അടിയിൽ തിരുകി വെച്ചിരുന്നു. സരിത് അതു വലിച്ചെടുത്തു. ലക്കോട്ടാണ്. തുറന്നു് കത്തു പുറത്തെടുത്തു. നന്ദിത എഴുതിയിരിക്കയാണ്...

''സരിത്,

ഞാൻ ഇവിടെ നിന്നു പോകയാണ്.

നിങ്ങൾ രാഹുലിനേയും കൊണ്ടു, ഇങ്ങോട്ടു വരുമെന്നെനിക്കറിയാം. പക്ഷെ ഈ സന്ദർഭത്തിൽ എനിക്കു നിങ്ങളെ കാണാൻ സാദ്ധ്യമല്ല, അതുകൊണ്ടാണ് പോകുന്നതു്.

ഞാൻ ഒരുപാടു് ആലോചിച്ചു നോക്കി. എനിക്കിപ്പോൾ തോന്നുന്നതു് വീണ്ടും നാം തമ്മിൽ ഒത്തുചേരാൻ സാദ്ധ്യമല്ലെന്നാണ്. നാം തമ്മിലുണ്ടായിരുന്ന ബന്ധത്തെ നിങ്ങൾ സംഗതിവശാൽ ഒരു നാൾ വിടുവിച്ചു കളഞ്ഞു. വീണ്ടും അതു് ഏച്ചു കൂട്ടാനുള്ള ശ്രമം ഇരുവർക്കും മംഗളകരമായിത്തീരുമെന്നു തോന്നുന്നില്ല. ഞാൻ വെറുതെ പറയുകയല്ല— ഇയ്യിടെയായി ഇടക്കിടക്കു് എനിക്കു തോന്നാറുണ്ടു്, നമ്മൾ അന്നു അത്ര ധൃതിപ്പെട്ടു്, ക്ഷമയില്ലാതെ പ്രവർത്തിച്ചിരുന്നില്ലെങ്കിൽ എത്ര നന്നായിരുന്നവെന്നു്. ഭാവിയെപ്പററി ഇരുവരും തീരെ ചിന്തിക്കയുണ്ടായില്ല. ഭാവിയിൽ ഇങ്ങനെയൊരു ജടിലമായ പരിസ്ഥിതിയിൽ അകപ്പെടുമെന്നും. ആലോചിച്ചു നോക്കു, നമ്മൾ രണ്ടുപേരും അത്ര ആഴത്തിൽ ചിന്തിച്ചില്ല. അന്നു നാം ഇരുവർക്കും തോന്നിയതു് വേർപാടു് ഒഴിച്ചുകൂടാത്തതാണെന്നായിരുന്നു. അതിനുശേഷം, രാഹുൽ എൻെറ ഗർഭത്തിൽ വന്നിരിക്കുന്നു എന്നറിയുമ്പോഴേക്കും നമ്മുടെ ഡൈവോർസു് ചടങ്ങു നടന്നുകഴിഞ്ഞു. രാഹുൽ പിറക്കാതിരിക്കുന്നതിനു വേണ്ടതു് ചെയ്യാനാണ് ഞാൻ ആദ്യം ആലോചിച്ചതു്. പക്ഷെ എൻെറ സ്നേഹിത, ദേവയാനി, ഇടപെട്ടു് എന്നെ അതിൽനിന്നു പിൻതിരിപ്പിച്ചു.

അങ്ങനെ മാനസിക ദുരവസ്ഥയിൽ പെട്ടിരിക്കുമ്പോഴാണ് രാഹുൽ ജനിച്ചതു്. എൻെറ മനസ്സു് വിക്ഷുബ്ധമായിരുന്നു. ഒന്നും തീരുമാനിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ടു് രാഹുലിൻെറ പ്രശ്നത്തിന്നു പരിഹാരമായി, ജനനം മുതൽക്കേ അവനെ ദൂരെ

## ർനായരും
## യാളികളും

**'ചിതറിയ ചിത്രങ്ങൾ'ക്ക്**
**പ്രതികരണങ്ങളാണു് ഈ**

യായിരുന്ന കാലഘട്ടങ്ങളിലും, അതിനുശേഷമുള്ള ചില വർഷങ്ങളിലും സമാജത്തിന്റെ അംഗസംഖ്യ ആറായിരത്തോളം എത്തിയിരുന്നു. വാർഡുകളുടെ എണ്ണവും കൂടുതലായിരുന്നു. പിന്നീടുള്ള വർഷങ്ങളിൽ അംഗസംഖ്യ ഗണ്യമായികുറഞ്ഞു. വാർഡുകളുടെ എണ്ണം ചുരുങ്ങി. പൂട്ടിയ വാർഡുകളുടെ സ്ഥാനത്തു് പുതിയ സംഘടനകൾ ഉയർന്നുവന്നു. ചില വാർഡുകൾ സ്വതന്ത്രസംഘടനകളായി മാറുകയും ചെയ്തു. നേതൃസ്ഥാനത്തു് ഇരുന്നിരുന്നവരുടെ നയവൈകല്യം കൊണ്ടാണു് ഇതെല്ലാം സംഭവിച്ചതു്. പഴയ പല പ്രവത്തകർക്കും അംഗത്വം നിഷേധിച്ചു. തലപ്പത്തിരിക്കുന്നവരുടെ വേണ്ടപ്പെട്ടവർക്കു് മാത്രം മെമ്പർഷിപ്പ് കൊടുക്കുന്ന പ്രവണത കുറച്ചുകാലം നിലനിന്നു. (ഈയുള്ളവനും രണ്ടുവർഷം അംഗത്വം നിഷേധിച്ചു). ''പുതിയതായി അംഗങ്ങളെ ചേത്തിയില്ലെങ്കിലും ലൈഫ് മെമ്പർമാരെ വെച്ചുകൊണ്ടു് സമാജം നടത്തിക്കൊണ്ടുപോകാൻ സാധിക്കും'' എന്നു് ഒരിക്കൽ അന്നത്തെ ജനറൽ സെക്രട്ടറി ഈ എഴുതുന്ന ആളോടു് പറയുകകൂടിചെയ്തു. ശ്രീ. പത്മനാഭൻനായരുടെ കക്ഷിയിൽപെട്ട ''പൂജാരികൾ'' നടത്താറുള്ള പല ''പൂജ''കളിലും പങ്കെടുത്തുവരാറുള്ള ശ്രീ. കെ. ജി. മേനോൻ ഈ വക കാര്യങ്ങൾ അറിയാതെ പോയതു് എന്തോ?

ശ്രീ. പത്മനാഭൻനായരുടെ സംഘടനാ പാടവം കൊണ്ടാണു് സമാജം ഉയർന്നുവന്നതു് എന്ന ശ്രീ മേനോൻ സമ്മതിക്കുന്നു. ശ്രീ പത്മനാഭൻനായരുടെ കഴിവുകേടുകൊണ്ടാണു് ആശാൻ മെമ്മോറിയൽ സ്ഥാപനം ''ചുണയുള്ളവർക്കു് ഏറ്റെടുക്കേണ്ടി വന്നതു് എന്നും അദ്ദേഹം പറയുന്നു. സാമ്പത്തികമായ കഴിവുകേടാണു് അദ്ദേഹം ഉദ്ദേശിക്കുന്നതു് എന്നു് തോന്നുന്നു. സമാജം അംഗങ്ങളിൽ ഭൂരിഭാഗവും ഹോട്ടൽ തൊഴിലാളികളും, മുറുക്കാൻ കടക്കാരും, ചായക്കടക്കാരും, ചെറുകിട ഉദ്യോഗസ്ഥന്മാരും ആണ്. വരിസംഖ്യയായി ഈടാക്കിയിരുന്നതു് വളരെ തുച്ഛമായ ഒരു സംഖ്യയായിരുന്നു. അതുകൊണ്ടു് സമാജം നടത്തിക്കൊണ്ടുപോകാൻ ശ്രീ. പത്മനാഭൻനായർക്കും, അനുയായികൾക്കും നന്നേ ബുദ്ധിമുട്ടേണ്ടിവന്നിട്ടുണ്ടു്. ശ്രീ. മേനോൻ. പറയുന്ന സംഘടനകളുടെ സ്ഥിതി അതായിരുന്നില്ല. പണക്കാരും മേലേക്കിട ഉദ്യോഗസ്ഥന്മാരും നിറഞ്ഞ ആ സംഘടനകൾക്കു് സാമ്പത്തിക പരാധീനത വരാൻ ന്യായമില്ലല്ലോ,

ശ്രീപത്മനാഭൻനായരുടെ കഴിവുകേടുകൊണ്ടാണു് ആശാൻ മെമ്മോറിയൽ സ്ഥാപനം ചുണയുള്ളവർക്കു് ഏറ്റെടുക്കേണ്ടിവന്നതു് എന്നും ആ ചുണയുള്ളവർ ശ്രീ. പത്മനാഭൻനായരുടെ സുഹൃത്തുക്കൾ ആണു് എന്നും ശ്രീ മേനോൻ പറയുന്നു. കഴിവുകേടിൽ നിന്നു് സുഹൃത്തുക്കൾ മുതലെടുത്തു എന്നതാണു് സത്യം. യഥാർത്ഥ സുഹൃത്തുക്കളായിരുന്നെങ്കിൽ, സമാജത്തിനു് തന്ന സ്ഥലത്തു് സ്കൂൾ നടത്താൻ അദ്ദേഹത്തെ സഹായിക്കുകയല്ലേ വേണ്ടിയിരുന്നതു്. നിശ്ചിതകാലയളവിനുള്ളിൽ സമാജത്തിനു് സ്കൂൾ തുടങ്ങാൻ സാധിക്കയില്ല എന്നു് മനസ്സിലാക്കിയ 'സുഹൃത്തുക്കൾ' സന്ദർഭത്തിനൊത്തു് പ്രവത്തിച്ചു. മലയാളത്തിന്റെ മഹാകവി മൺമറഞ്ഞു് അനേകവർഷങ്ങൾക്കു ശേഷം അദ്ദേഹത്തിന്റെ പേരിൽ ഒരു സംഘടനക്കു് രൂപം കൊടുത്തു. ശ്രീമതി അമ്മു സാമിനാഥന്റെ രാഷ്ട്രീയ സ്വാധീനവും വേണ്ടുവോളം ഉപയോഗപ്പെടുത്തി സ്ഥലം കൈവശമാക്കുകയും ചെയ്തു. ഇതിനു് പിടിച്ചുപറി എന്നോ, പററിക്കൽ എന്നോ, കാലുവാരൽ എന്നോ എന്താണു് പേരു് പറയേണ്ടതു? ശ്രീ. മേനോൻ പറയുന്ന ഈ സുഹൃത്തുക്കൾ വളരെ മുമ്പേ തന്നെ മദിരാശിയിൽ സ്ഥിരതാമസമാക്കിയവരാണു്. കൊച്ചിൻ ഹൌസും അവിടെതന്നെ ഉണ്ടായിരുന്നു. സമാജത്തിനു് തന്നതിനശേഷം അതിന്മേൽ കയറി പിടിക്കേണ്ട ആവശ്യമുണ്ടായിരുന്നോ? അതു് മുമ്പേ ആവാമായിരുന്നില്ലേ!

ആശാൻ മെമ്മോറിയൽ സ്കൂൾ തുടങ്ങിയ അന്നുതന്നെ കേരളസമാജത്തിന്റെ കേരളവിദ്യാലയവും തുടങ്ങി. ഇന്നും അതു വളന്നുകൊണ്ടിരിക്കുന്നു. മന്ദഗതിയോടെയാണെങ്കിലും, ഭാരിച്ച, ഫീസും സംഭാവനകളും ഈടാക്കിയിരുന്നെങ്കിൽ എത്രയോ മുമ്പ്തന്നെ കേരളവിദ്യാലയം ഒരു കോളേജായി ഉയത്താമായിരുന്നു. ഫീ

(ശേഷം 41-ാം പേജിൽ)

# ഫോസിലുകൾ

**ഭൂമിയിൽ ആദ്യമായി ജീവൻ ഉദയം ചെയ്ത കാലഘട്ടത്തിനെക്കുറിച്ച് ശാസ്ത്രജ്ഞന്മാർക്കിടയിലുണ്ടായിരുന്ന അഭിപ്രായവ്യത്യാസത്തിന്റെ വിടവ് ഒരതിർത്തിവരെ അടുപ്പിക്കുവാൻ ഫോസിലുകളുടെ പഠനം സഹായിക്കുന്നു.**

സി. പി. രാജേന്ദ്രൻ

ശിലകളിലെ റേഡിയോ ആക്ടീവതയുള്ള മൂലകങ്ങളുടെ 'അർധായുസ്സ്' കണക്കാക്കി ഭൂവിജ്ഞാനികൾ ഭൂമിയുടെ വയസ്സ് തിട്ടപ്പെടുത്തിയിട്ടുണ്ട്. 4500 ദശലക്ഷം വർഷം വയസ്സാണ് ഭൂമിക്ക് അവർ കൽപ്പിച്ചിരിക്കുന്നത്. എന്നാൽ ഭൂമിയിൽ എന്നാണ് ജീവൻ ഉദയം ചെയ്തത്? അതിനെക്കുറിച്ച് ശാസ്ത്രജ്ഞന്മാർക്ക് ചില അഭിപ്രായവ്യത്യാസങ്ങളൊക്കെയുണ്ടായിരുന്നു. അടുത്തകാലംവരെ ജീവന്റെ ഉത്ഭവത്തിനു 600 ദശലക്ഷം വർഷം പഴക്കമേ പലരും കൊടുത്തിരുന്നുള്ളു. 4500നും 600നും ഇടയ്ക്കുള്ള ഭീമമായ കാലയളവിൽ ഭൂമിയിൽ ജീവനുള്ള ഒന്നുംതന്നെയുണ്ടായിരുന്നില്ലെന്നു പറയുന്നത് ശാസ്ത്രീയമായി ശരിയല്ലെന്നു തെളിഞ്ഞിട്ടുണ്ട്. ഈ വാദത്തിനു ഉപോൽബലമായി ചില തെളിവുകൾ നമുക്കു കിട്ടിയിട്ടുണ്ട്. 3500 ദശലക്ഷം വർഷം പ്രായമുള്ള ശിലയിൽനിന്നു 'സ്ട്രോമാറ്റൊലൈററ്സ്' എന്ന പേരുകൊടുത്തിട്ടുള്ള ചില ഫോസിൽ രൂപങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇതു സൂക്ഷ്മജീവികളായ ആൽഗകൾ തുരന്നുണ്ടാക്കിയ ചെറിയ മടകളാണെന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇന്ത്യയിൽ കർണാടക സംസ്ഥാനത്തുള്ള ദാർവാർ വർഗത്തിൽപ്പെട്ട പുരാതനശിലകളിൽനിന്നു ബാക്ടീരിയ പോലുള്ള അതിസൂക്ഷ്മ ജീവികളുടെ അവശിഷ്ടങ്ങൾ കണ്ടെടുക്കാൻ സാധിച്ചിട്ടുണ്ട്. ജീവാംശമുള്ള പാറകളുടെ വയസ്സു കണക്കാക്കുമ്പോൾ മനസ്സിലാകുന്നത് ജീവൻ ഏതാണ്ട് 3500 ദശലക്ഷം വർഷങ്ങൾക്കുമുമ്പുതന്നെ ഉത്ഭവിച്ചിരിക്കണം എന്നാണ്. ജീവജാലങ്ങളുടെ ഉത്ഭവവും അവയുടെ വളർച്ചയും പരിണാമവും അറിയാൻ ഏററവും നല്ല ഉപാധി ഫോസിലുകളുടെ പഠനമാണ്.

ഒരിക്കൽ ജീവിച്ചിരുന്ന സസ്യങ്ങളുടേയൊ ജന്തുക്കളുടേയൊ അവശിഷ്ടങ്ങളെല്ലാം ഫോസിലുകളാണ്. മൃദുവായ ശരീരഭാഗങ്ങൾ അഴുകി നശിച്ചതിനുശേഷം ബാക്കിയാവുന്ന പുറംതോടുകളും പല്ലുകളും എല്ലുകളും ജീവിയുടെ കാൽപാടുകളും ജീവിച്ചിരുന്ന മടകളും സഞ്ചാരമാർഗങ്ങളും എല്ലാം ഫോസിലുകളുടെ ഗണത്തിൽപ്പെടുത്താവുന്നവയാണ്.

ഭൂമിയുടെ ചരിത്രത്തെ പല കാലഘട്ടങ്ങളാക്കി തിരിച്ചിട്ടുണ്ട്. **പ്രികാംബ്രിയൻ**, പാലിയൊ സൊയ്ക്, മിസോ സോയ്ക്, സെനൊ സൊയ്ക് എന്നിങ്ങനെയുള്ള മഹാകൽപ്പങ്ങളായി ഒരു സമയസ്തംഭം ഉണ്ടാക്കിയിട്ടുണ്ട്. മഹാകൽപ്പങ്ങളെ വീണ്ടും ചെറിയ ഘടകങ്ങളാക്കി ഭാഗിച്ചിട്ടുണ്ട്. ഓരോ കാലഘട്ടത്തിലും നിക്ഷേപിക്കപ്പെട്ട അവസാദങ്ങളിൽ അതാതു കാലത്തെ ജീവികളുടെ അവശിഷ്ടങ്ങൾ ഉണ്ടായിരുന്നു. ഇതിനെ അടിസ്ഥാനമാക്കിയാണ് പ്രധാനമായും ഈ വിഭജനം നടത്തിയതു്. ഫോസിലുകളുടെ പഠനത്തിൽനിന്നു ഊറൽ പാറകളുടെ പ്രായം നിർണയിക്കുകയും അതു ഏതു കാലഘട്ടത്തിലാണ് നിക്ഷേപിക്കപ്പെട്ടതെന്ന് മനസ്സിലാക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന്, മിസോ സോയ്ക് മഹാകൽപ്പത്തിൽ ഭൂമിയിലെ ഏററവും വലിയ ജീവികളായിരുന്നു. ഭീമരൂപികളായ ദിനസോറുകളുടെ കാര്യം തന്നെയെടുക്കുക. അവയുടെ അവശിഷ്ടങ്ങൾ ഇന്ത്യയിൽ ഗോദാവരി താഴ്വരയിൽനിന്നു കണ്ടെടുത്തിട്ടുണ്ടു്. ഈ ജീവികൾക്കു മിസോ സോയ്ക്കിന്റെ അവസാനം ക്രെയേഷ്യസ് കൽപ്പത്തിൽ പല കാരണങ്ങൾകൊണ്ടു വംശനാശം സംഭവിച്ചുകഴിഞ്ഞിരുന്നു. ക്രെയേഷ്യസിനു ശേഷം നിക്ഷേപിക്കപ്പെട്ട അവസാദങ്ങളിൽ ഇവയുടെ അവശിഷ്ടങ്ങൾ



Inches 1 2 3 4 5 6 7 8
Centimetres 1 2 3 4 5 6 7 8 9 10 11 12 13 14 15 16 17 18 19
TIFFEN® Color Control Patches © The Tiffen Company, 2007
Blue Cyan Green Yellow Red Magenta White 3/Color Black



സർക്കാർ നിയന്ത്രണത്തിൽ നിന്ന് ക്ഷേത്രങ്ങളെ മോചിപ്പിക്കണമെന്നാവശ്യപ്പെട്ട് അമ്മമാർ ഞായറാഴ്ച ഗുരുവായൂർ കിഴക്കെ . നടയിൽ നടത്തിയ ഉപവാസം ഡോ. എൻ. സുമതിക്കുട്ടിയമ്മ ഉദ്ഘാടനം ചെയ്യുന്നു

# സിഡ്കോയിലെ വെട്ടിപ്പിന് എതിരെ നടപടിവേണം

**എം. കെ. മുഹമ്മദ് പ്രസിഡണ്ട്**

തിരുവല്ല: കേരളാ സ്റ്റേററ് സ്മാം ഇൻഡസ്ട്രീസ് അസോസിയേഷൻ സംസ്ഥാന പ്രസിഡണ്ടായി എം.കെ.

## കൊച്ചി

| | | |
|---|---|---|
| വെളിച്ചെണ്ണ (തയാർ) | 3150 | 00 |
| പിണ്ണാക്ക് (ക്വിൻറൽ) | 360 | 00 |
| കൊപ്ര (ക്വിൻറൽ) | 2090 | 00 |
| കുരുമുളക് പഴയത് | 2900 | 00 |
| ,, അൺഗാർബിൾഡ് | ഇല്ല | |
| ,, ഗാർബിൾഡ് | 2975 | 00 |
| ,, ജൂലായ് അവധി | 2787 | 50 |
| ,, ഒക്ടോബർ അവധി | 2590 | 00 |
| ചുക്ക് ബ്ലീച്ച്ഡ് | 1300 | 00 |
| ,, പഴകിയത്—ക്വി | 1350 | 00 |
| ,, (പുതിയത്) | 1350 | 00 |
| ,, ബ്ലീച്ച്ഡ് പഴയത് | 1450 | 00 |
| കൊപ്ര (തെളിവ്) | 2070 | 00 |
| കൊപ്ര (പുകരാശി) | 2010 | 00 |
| കൊപ്ര (തെക്കൻ) | 2000 | 00 |
| കൊപ്ര (റായ്ബദല) | ഇല്ല | |

## ആലപ്പുഴ

| | | |
|---|---|---|
| വെളിച്ചെണ്ണ | 3150 | 00 |
| പിണ്ണാക്ക് | 350 | 00 |
| കൊപ്ര തെളിവ് | 2180 | 00 |
| ,, പുകരാശി | 2080 | 00 |
| ,, തെക്കൻ | 2070 | 00 |
| ,, റായ്ബദല | ഇല്ല | |
| കുരുമുളക് പാല | 2950 | 00 |
| കുരുമുളക് തെക്കൻ | 2950 | 00 |
| അരി ജയ | 460—470 | |

## ദൂരദർശൻ

സെപ്റ്റംബർ 6 ചൊവ്വ

7.00 ഹസോ, ഹസോ, എ ഫെയ്സ് ഇൻ ദ ക്രൗഡ്, വാർത്ത 12.45നും 4നും യു. ജി. സി. പരിപാടി 5.45 ഗുജറാത്തി പരിപാടി 6.15 ഗ്രാമീണ സ്ത്രീകൾക്ക് വേണ്ടി 6.30 ദില്ലി അത്‌ലററിക് മീററ് 7.30 മലയാളം വാർത്ത 7.40 അത്‌ലററിക്സ് തുടർച്ച 8.40 ഹിന്ദിവാർത്ത 9.00 നിർമല 9.30 ഇംഗ്ലീഷ് വാർത്ത 9.50 കർണാടക സംഗീതം - ശ്രീരംഗം അണ്ണൻ 10.20 ഇംഗ്ലീഷ് സീരിയൽ.

മദിരാശി

മാതൃഭൂമി സെപ്തം: 6 1988

# ഹിമയുഗമെന്ന പ്രതിഭാസം

## സി. പി. രാജേന്ദ്രൻ

ഇന്ന് ഭൂമിയുടെ ചില ഭാഗങ്ങളിൽ കടുത്ത ശൈത്യവും മറ്റു ചിലയിടങ്ങളിൽ കടുത്ത ചൂടും അനുഭവപ്പെടുന്നു. ഭൂമിയുടെ ഒരറ്റം മുതൽ മറ്റൊരറ്റംവരെയുള്ള കാലാവസ്ഥയിലെ ഗണ്യമായ ഈ മാറ്റങ്ങൾ മനുഷ്യനുൾപ്പെടെയുള്ള ജീവജാലങ്ങളെ ബാധിക്കുന്നുണ്ട്. ധ്രുവപ്രദേശത്ത് ജീവിക്കുന്ന എസ്കിമോകൾക്ക് മധ്യാഫ്രിക്കയിൽ എത്തിപ്പെട്ടാൽ ജീവിക്കാൻ പറ്റുമെന്നു തോന്നുന്നില്ല. ആഫ്രിക്കയിൽ നിന്നൊരു കാനനവാസി മഞ്ഞുമൂടി കിടക്കുന്ന ആർട്ടിക് പ്രദേശത്തുപോയാലും അതു തന്നെയായിരിക്കും സ്ഥിതി. തണുത്തുറഞ്ഞു കിടക്കുന്ന അൻറാർട്ടിക്കയിലാകട്ടെ പെൻഗ്വിനുകളും ചില കടൽജീവികളും അല്ലാതെ മനുഷ്യർ പാർക്കുന്നില്ല. മഞ്ഞുപാളികൾ അഥവാ ഗ്ലേസിയറുകൾ അൻറാർട്ടിക്കയിലും ഗ്രീൻലാൻഡ്, ഐസ്‌ലാൻഡ് തുടങ്ങിയ സ്ഥലങ്ങൾ അടങ്ങുന്ന ധ്രുവപ്രദേശങ്ങളിലും ഉയർന്ന സ്ഥലങ്ങളായ ഹിമാലയ—ആൽപ്പ് പർവതനിരകളിലും മാത്രമേ നമുക്കിന്ന് കാണുവാൻ സാധിക്കുന്നുള്ളൂ.

എന്നാൽ ഇതെപ്പോഴും ഇങ്ങനെ തന്നെയായിരുന്നില്ല. ഭൂമിയുടെ ചരിത്രം ചികഞ്ഞാൽ കാണുന്നത് ഏതാണ്ട് രണ്ടു മില്യൺ വർഷങ്ങൾക്കുമുമ്പ് മറ്റു പല പ്രദേശങ്ങളും മഞ്ഞിനടിയിൽ ആയിരുന്നുവെന്നാണ്. അത്തരമൊരു അവസ്ഥ ഭൂമിയുടെ താപവ്യവസ്ഥയിൽ വലിയ മാറ്റങ്ങൾ വരുത്തിയിരുന്നു. അന്ന് ഭൂമിയിൽ കടുത്ത ശൈത്യമായിരുന്നു. ഈ കാലഘട്ടങ്ങളെ 'ഹിമയുഗങ്ങൾ' എന്നു വിളിക്കുന്നു. ഇങ്ങനെയുള്ള ഒരു ശൈത്യ കാലഘട്ടം ഏതാണ്ട് 10,000 വർഷങ്ങൾക്കുമുമ്പ് അവസാനിച്ചതേയുള്ളൂ.

രണ്ടു മില്യൺ വർഷങ്ങൾക്കുമുമ്പ് പ്ലീസ്റ്റോസീൻ കാലഘട്ടത്തിൽ തുടങ്ങിയ ഹിമയുഗത്തെക്കുറിച്ചുള്ള വസ്തുതകൾ ആദ്യമായി പുറത്തുകൊണ്ടു വന്നത് സ്വിറ്റ്സർലാൻഡിലെ ലൂയി അഗാസിസ് എന്ന ഭൂവിജ്ഞാനിയായിരുന്നു. പിന്നീട് നടന്ന പഠനങ്ങൾ പ്ലീസ്റ്റോസീൻ ഹിമയുഗം കൂടാതെ അതിനുമുമ്പ് ആറ് ഹിമയുഗങ്ങൾ എങ്കിലും ഭൂമിയിൽ അരങ്ങേറിയിട്ടുണ്ടെന്ന് ബോധ്യപ്പെടുത്തി. ആദ്യത്തെ ഹിമയുഗം 230 കോടി വർഷങ്ങൾക്കുമുമ്പാണ് സംഭവിച്ചതെന്ന് കരുതപ്പെടുന്നു. പ്രീകാംബ്രിയൻ കാലത്ത് സംഭവിച്ച ഈ ഹിമയുഗത്തിൻെറ തെളിവുകൾ കാനഡയിലും ദക്ഷിണാഫ്രിക്കയിലും പടിഞ്ഞാറൻ ആസ്ത്രേലിയയിലും പതിഞ്ഞുകിടക്കുന്നുണ്ട്. പ്രീകാംബ്രിയനിൽ തന്നെ പല കാലങ്ങളിലായി മൂന്നു തവണ ഹിമാനീകരണത്തിൻെറ മൂർധന്യം ഉണ്ടായതായി അനുമാനിക്കപ്പെടുന്നു. 45 കോടി വർഷങ്ങൾക്കുമുമ്പ് ഓർഡോവിഷൻ കാലഘട്ടത്തിൽ ആയിരുന്നു മറ്റൊരു ഹിമയുഗം സംഭവിച്ചതെന്ന് തെളിഞ്ഞിട്ടുണ്ട്. ഉത്തരാഫ്രിക്കയിലെ സഹാറ മുതൽ തെക്കേ അമേരിക്കയിലെ ബൊളീവിയവരെ അന്നു ഹിമം വ്യാപിച്ചുകിടന്നു. മുപ്പതു കോടി വർഷങ്ങൾക്കുമുമ്പ് കൽക്കരിയുടെ വൻ നിക്ഷേപങ്ങൾ ഉണ്ടായ പെർമിയൻ— കാർബോണിഫെറസ് കാലഘട്ടത്തു സംഭവിച്ച ഹിമയുഗത്തിൻെറ തെളിവുകൾ ഗോണ്ട്വാന വൻകരഖണ്ഡത്തിൻെറ ഭാഗമായിരുന്ന തെക്കേ അമേരിക്കയിലും ആഫ്രിക്കയിലും ഇന്ത്യയിലും ആസ്ത്രേലിയയിലും കാണാവുന്നതാണ്. പിന്നീട് 2 കോടി വർഷങ്ങൾക്കുമുമ്പ് വരെ ഭൂമിയിൽ അല്പാല്പമായി ചൂടു കൂടിക്കൊണ്ടിരുന്നു. അതിനുശേഷം ചൂടു കുറഞ്ഞുവരുകയും പ്ലീസ്റ്റോസീൻ യുഗത്തിൽ ഭൂമിയാകെ കടുത്ത ശൈത്യത്തിലമരുകയും ചെയ്തു.

ഹിമാനീകരണത്തിൻെറ പ്രധാന സ്വഭാവം വൻകരയിലെ മഞ്ഞുപാളികളുടെ വളർച്ചയാണ്. ശീതകാലഘട്ടത്തിൽ മിതശീതോഷ്ണ മേഖലകളിലേക്കും മഞ്ഞുപാളികൾ വ്യാപിക്കുന്നു. ഹിമയുഗം അങ്ങനെയാണ് തുടങ്ങുന്നത്. ഇംഗ്ലണ്ടും യൂറോപ്പിൻെറ ചില ഭാഗങ്ങളും വടക്കെ അമേരിക്കയുടെ പകുതി ഭാഗവും പ്ലീസ്റ്റോസീൻ കാലത്ത് മഞ്ഞുനദികളാൽ മൂടപ്പെട്ടുകിടന്നു. എഴുപതിനായിരം വർഷങ്ങളോളം ഇങ്ങനെ മഞ്ഞുനദികൾ വ്യാപിച്ചു കിടന്നിട്ടുണ്ട്. ഏറ്റവും ഒടുവിൽ 10,000 വർഷങ്ങൾക്ക് മുമ്പ് സംഭവിച്ച മഞ്ഞുപാളികളുടെ മുന്നേറ്റം 3000 വർഷങ്ങളോളം നീണ്ടുനില്ക്കുകയും അവസാനം മിതശീതോഷ്ണ പ്രദേശങ്ങളിൽ നിന്ന് ഹിമാനി പിൻവാങ്ങുകയും ധ്രുവപ്രദേശങ്ങളിൽ മാത്രമായി കേന്ദ്രീകരിക്കുകയും ചെയ്തു.

ഹിമയുഗമെന്നു വിശേഷിപ്പിക്കുമ്പോൾ വളരെക്കാലം നീണ്ടുനില്ക്കുന്ന ശൈത്യകാലം മാത്രമാണെന്ന് അർഥമാക്കേണ്ടതില്ല. ഇടയ്ക്കിടെ ചൂടുള്ള ഇടവേളകളും ഉണ്ടാകുന്നുണ്ട്. അതുകൊണ്ടാണ് നാം ജീവിക്കുന്ന ഈ കാലഘട്ടം പ്ലീസ്റ്റോസീൻ ഹിമയുഗത്തിൻെറ ഭാഗമാണെങ്കിലും ചൂടുള്ളൊരു ഇടവേളയായി ശാസ്ത്രജ്ഞർ കരുതുന്നത്. അതിൻെറയർഥം. ഹിമയുഗം അവസാനിച്ചിട്ടില്ലെന്നാണ്. ഇപ്പോൾ പിൻവാങ്ങിയിരിക്കുന്ന മഞ്ഞുനദികൾ ധ്രുവപ്രദേശത്തു നിന്നു ഈ ഇടവേളയുടെ അവസാനം ഇനിയും മുന്നേറാൻ സാധ്യതകളുണ്ട്.

എന്താകാം ഹിമയുഗങ്ങൾ ഇടയ്ക്കിടെ സംഭവിക്കാനുള്ള കാരണങ്ങൾ? കാരണങ്ങൾ മനസ്സിലാക്കുന്നത് ഭാവിയിൽ സംഭവിച്ചേക്കാവുന്ന ഒരു വൻകാലാവസ്ഥാ മാറ്റത്തെ നേരിടാൻ സഹായിച്ചേക്കും. പുരാതന കാലാവസ്ഥാപഠനം ഇന്ന് ഒരു പ്രധാനപ്പെട്ട ശാസ്ത്രശാഖയായി വളർന്നുകഴിഞ്ഞു.

ഭൂമിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതോ ഭൂമിക്കു പുറത്ത് സംഭവിച്ചു കൊണ്ടിരിക്കുന്നതോ ആയ ചില പ്രതിഭാസങ്ങൾ ആകാം ഹിമയുഗങ്ങളുടെ ഹേതു. ഇക്കാര്യത്തിൽ വ്യക്തമായൊരു ചിത്രം ഇനിയും കിട്ടിയിട്ടില്ല; ഗവേഷകർ ഒരു പൊതുധാരണയിൽ എത്തിയിട്ടുമില്ല. ചാക്രികസ്വഭാവത്തോടെ ആവർത്തിച്ചുകൊണ്ടിരിക്കുന്ന ഹിമയുഗങ്ങൾ ഒറ്റപ്പെട്ട സംഭവങ്ങൾ അല്ലെന്നും അവയ്ക്കു പൊതുവായി ചിലതുണ്ടെന്നും മനസ്സിലായിട്ടുണ്ട്. വൻകരകളുടെ ഉത്ഥാനവും വിസ്ഥാപനവും അഗ്നിപർവതപ്രവർത്തനങ്ങളും സമുദ്രജലത്തിനു സംഭവിക്കുന്ന താപവ്യത്യാസങ്ങളും ഹിമയുഗങ്ങൾക്ക് കാരണമാകുന്നു എന്ന് കരുതപ്പെടുന്നു. ഭൂബാഹ്യമായ കാര്യങ്ങൾക്ക് ഊന്നൽ കൊടുക്കുന്ന സിദ്ധാന്തങ്ങളുമുണ്ട്. സൗരവികിരണം വർധിക്കുന്നതുകൊണ്ടാണ് കാലാവസ്ഥ മാറുന്നതെന്ന അഭിപ്രായഗതിയാണ് അതിൽ ശക്തമായിട്ടുള്ളത്. ഭൂമിയുടെ അച്ചുതണ്ടിൻെറ ചെരിവിനു സംഭവിക്കുന്ന മാറ്റങ്ങളോ ഭ്രമണപഥത്തിന്നുണ്ടാകുന്ന അസ്വാഭാവികതകളോ ആണ് ഹിമയുഗങ്ങൾക്ക് കാരണമെന്നും ചിലർ വാദിക്കുന്നുണ്ട്.

ELECTRONICS
P.O. BOX 3126 DUBAI. U.A.E.
TEL. 227792

ARIES/T

# CATHOLICATE COLLEGE OF ENGINEERING & TECHNOLOGY

Kushalnagar, Kodagu Dt., Karnataka

(Managed By: The Malankara Orthodox Church Education Trust, Karnataka)

Recommended by the Government of Karnataka and the Mangalore University)

ADMISSION NOTICE 1988-89

First semister classes commence in December 1988

A FEW SEATS ARE AVAILABLE

Please contact in person at the office at M.D.C.Centre, Kottayam, on or before 29-10-1988.

DR. C. P. KURIAKOSE,
Principal.

BISHOP THOMAS MAR ATHANASIOS
Managing Trustee.

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

## ദർഘാസ് പരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ദേവസ്വങ്ങളിലെ ഉപയോഗത്തിന് താഴെ കൊടുത്തിരിക്കുന്ന സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള കാണിക്കവഞ്ചികളും, ചെറിയതരം കാണിക്കപ്പെട്ടികളും സപ്ലൈ ചെയ്യുന്നതിലേക്ക് മുദ്രവെച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകളോടൊപ്പം 250 രൂപ നിരതദ്രവ്യം ഹാജരാക്കേണ്ടതും, സ്വീകരിക്കാത്ത ദർഘാസുകാരുടെ നിരതദ്രവ്യം ദർഘാസുകൾ പൊട്ടിച്ച ശേഷം തിരികെ കൊടുക്കുന്നതുമാണ്. ദർഘാസുകൾ 1988–ാം മാണ്ട് ഒക്ടോബർ 26–ാം തീയതി പകൽ 4 മണി വരെ ദേവസ്വം കമ്മീഷണർ ഓഫീസിൽ സ്വീകരിക്കുന്നതും അന്നേ ദിവസം 5 മണിക്ക് ദർഘാസ് തുറക്കുന്നതുമാണ്. ദർഘാസ് സ്വീകരിച്ചുകഴിഞ്ഞാൽ സപ്ളൈ ചെയ്യേണ്ട കാണിക്ക വഞ്ചികളുടെ എണ്ണം സംബന്ധിച്ച് കുറഞ്ഞ ദർഘാസുകാരനെ വിവരം അറിയിക്കുന്നതും വിവരം തെര്യപ്പെടുത്തിയാൽ ഒരു മാസത്തിനകം സപ്ലൈ പൂർത്തിയാക്കേണ്ടതുമാണ്. ഓരോ ഇനത്തിലുംപെട്ട വഞ്ചികൾക്കും, പെട്ടികൾക്കും, പ്രത്യേകം പ്രത്യേകം റേററ് ദർഘാസിൽ രേഖപ്പെടുത്തേണ്ടതാണ്. നിർദ്ദിഷ്ട സമയം തെററിയോ, നിരതദ്രവ്യം കൂടാതെയോ ഹാജരാക്കുന്ന ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ലാത്തതും ദർഘാസു സ്വീകരിക്കുന്നതും നിരാകരിക്കുന്നതും ഡിപ്പാർട്ടുമെന്റിന്റെ യുക്തം പോലെ ആയിരിക്കുന്നതുമാണ്. ദർഘാസു സഹിതം സപ്ലൈ ചെയ്യാനുദ്ദേശിക്കുന്ന വഞ്ചികളുടെ ഒരു സാമ്പിൾ വീതം ഹാജരാക്കേണ്ടതുമാണ്. വഞ്ചികളെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ ഈ ആഫീസിൽ നിന്നോ, ദേവസ്വം ബോർഡിന്റെ വിവിധ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആഫീസിൽ നിന്നോ, വിവിധ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസിൽ നിന്നോ, ആഫീസ് സമയങ്ങളിൽ അറിയാവുന്നതാണ്.

ദേവസ്വം കമ്മീഷണർ ആഫീസ്,
നന്തൻകോട്,
തിരുവനന്തപുരം–3.
11/10/1988.

ഒപ്പ്
ദേവസ്വം കമ്മീഷണർ

GJA: 2212-ML

...ക്കു് ഇഷ്ടം

...സിലെയും എംടിബി
...ദർ ഇലക്ട്രോണിക്സ് &
...റോഡ്, ചോററാനിക്കര.
...ക്കന്റെ സിസ്ററംസ്
... തിരുവനന്തപുരം :
...പ്രൈ. ലി., ടി.സി. 38/1777, മർപ്പന്
...ടൽ ഇലക്ട്രോണിക്സ്
... പോർട്ട് ബ്ളെയർ :
... പോർട്ട് ബ്ളെയർ 744 104



ഷർട്ടിംഗ്സ്, സ്യൂട്ടിംഗ്സ്, ഡ്രസ് മെറീരിയൽസ്,
കോട്ടൺ വേഷ്ടികൾ, പോളി-വേഷ്ടികൾ, ലുങ്കികൾ, ഫർണി...
ഷിംഗ്സ്, കിടക്കവിരികൾ, റെഡിമെയ്ഡ് ഷർട്ടുകൾ,
ടീ - ഷർട്ടുകൾ തുടങ്ങി എല്ലാമെല്ലാം.
സൗന്ദര്യബോധം പ്രതിബിംബിക്കുന്ന 1001-ൽ പരം
ഇനങ്ങൾ. ആകർഷക വർണ്ണങ്ങൾ. എണ്ണമററ നിറങ്ങൾ.

കേരളം, തമിഴ്നാട്, പോണ്ടിച്ചേരി എന്നിവിടങ്ങളിലുള്ള...
...പരം അംഗീകൃത വ്യാപാരികളും...

Issued by:

# ബോംബെ ഡൈയിങ്ങ്

DEVALOKAM, KOTTAYAM-686 038.

**Highest Power: 11 BHP**
At 7,500 rpm to keep you ahead of the 100's.

**Fastest Pick-up: 0-60 Km in 7.5 Secs.**
Puts you up front.

**Speediest: 100 kmph top speed.**
Means extra power when you need it.

**Best Looking In Its Category**
Acrylic paint on metal ☐ Poly-urethane paint on plastic
☐ Thermo acrylic coating on aluminium
☐ The first tri-nickel chrome plating process in India.

**Most Durable.**
Unique double cradle frame to outlast the others.
Low maintenance for long term economy

ESCORTS

# Ahead of The 100's




GO FIRST CLASS

Crash Bar, Helmet, Saree guards are separate accessories and are chargeable.

**Available at:**
ANGADIPPURAM: Bombay Auto Agencies, Calicut Road, Ph: 409 • CALICUT: Indus Motor Co. Pvt. Ltd., Bank Road, Ph: 64844 • CANNANORE: Indus Motor Co. Pvt. Ltd., Thala Complex, Thalap • COCHIN: GEO Motors, Church Landing Road, Ernakulam, Ph: 366138 • Peejay Traders & Agencies, Opp. Kaloor Bus Stand, Ernakulam, Ph: 369078 • KOTTAYAM: Purackal Motors, Opp. Collectorate, K. K. Road, Ph: 2083 • KOZHENCHERRY: Thompson Auto Sales & Service, Nediath Jn. College Road, Ph: 192 • PALGHAT: Cheerans Auto Agencies, Coimbatore Road, Ph: 3246 • QUILON: Priya Agencies, Beach Road, Ph: 78861 • TRIVANDRUM: Silver Star Engineers, Tutors Lane, Statue, Ph: 76888 • TRICHUR: Cheerans Auto Agencies, Sankara Iyyer Road, Ph: 20567.

ക്രിസ്തുമസ്
റിലീസ്



ഷിർദിസായിക്രിയേഷൻസ്

# ചിത്രം

പ്രിയദർശൻ
P.K.R.പിള്ള

ഷിർദിസായി റിലീസ്

Enjoy
in

Bu
from any c
in Decer
of a fre

Also, ge
C
for fu



